# താമരമൊട്ടുകൾ

വാല്യം 23 | ജനുവരി 2021 | ലക്കം 01 | Price ₹25



താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

വാല്യം 22 താമരമൊട്ടുകൾ ജനുവരി 2021 ലക്കം 12

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)




"ജോസഫ് നിദ്രയിൽ നിന്നുണർന്ന് കർത്താവ് കല്പിച്ചതുപോലെ പ്രവർത്തിച്ചു."

(മത്താ. 1:24)

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 3 |
| 2. | ജനുവരി 2021 | 5 |
| 3. | സർക്കുലർ | 6 |
| 4. | സർക്കുലർ 1/2021 | 11 |
| 5. | കച്ചേരിക്കാര്യം | 18 |
| 6. | മതബോധനം | 21 |
| 7. | ചെറുപുഷ്പ മിഷൻലീഗ് | 28 |
| 8. | തിരുബാലസഖ്യം | 29 |
| 9. | കെ.സി.വൈ.എം | 30 |
| 10. | ലിറ്റർജി കമ്മീഷൻ | 33 |
| 11. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 35 |
| 12. | മാതൃവേദി | 36 |
| 13. | കുടുംബകൂട്ടായ്മ | 37 |
| 14. | കരിസ്മാറ്റിക് മൂവ്മെന്റ് | 39 |
| 15. | പോപ്പ് ജോൺ പോൺ II ഇൻസ്റ്റിറ്റ്യൂട്ട് | 40 |
| 16. | സ്റ്റാർട്ട് | 42 |
| 17. | മലബാർ ലേബർ മൂവ്മെന്റ് | 43 |
| 18. | എ.കെ.സി.സി | 45 |
| 19. | വികസനവേദി | 46 |
| 20. | അജപാലനക്കുറിപ്പുകൾ | 48 |

## താമരശ്ശേരി രൂപതയ്ക്കുവേണ്ടി 2020 ഡിസംബർ 26 ന് തിരുപ്പട്ടം സ്വീകരിച്ച നവവൈദികർക്ക് പ്രാർത്ഥനാശംസകൾ



ഫാ. ജോസഫ് അന്തിനാട്ട്
കരിങ്ങാട്



ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ
കോടഞ്ചേരി



ഫാ. അബ്രാഹം സ്രാമ്പിക്കൽ
കൂരാച്ചുണ്ട്



ഫാ. മാത്യു പനച്ചിക്കൽ
കൂരാച്ചുണ്ട്



ഫാ. ജോസഫ് കിളിയൻപറമ്പിൽ
മാലാപറമ്പ്



ഫാ. തോമസ് കുടിയിരിക്കൽ
ചമൽ

# Birth Day Greetings

Rev. Fathers

| | | |
|---|---|---|
| Alunkal Augustine | January | 1 |
| Karikunnel Antony | ,, | 4 |
| Kulathinkal Mathew | ,, | 6 |
| Purayidathil Sebastian | ,, | 8 |
| Pattasseril Sebastian | ,, | 10 |
| Poothakuzhy Joseph | ,, | 10 |
| Pullolickal Mathew | ,, | 12 |
| Keelath Joseph | ,, | 13 |
| Kollamparambil Mathew | ,, | 18 |
| Naduvathettu Francis | ,, | 19 |
| Mukhalayil Kuriakose | ,, | 20 |
| Moolayil John | ,, | 22 |

**Mar Remigiose Inchananiyil**

# Feast Day Greetings

Rev. Fathers

| | | |
|---|---|---|
| Kochukaipayil Kuriakose | January | 3 |
| Mukhalayil Kuriakose | „ | 3 |
| Palakeel Kuriakose | „ | 3 |
| Puthenveettil Kuriakose | „ | 3 |
| Cheeramattathil Sebastian | „ | 20 |
| Embrayil (Sr.) Sebastian | „ | 20 |
| Embrayil (Jr.) Sebastian | „ | 20 |
| Chembukandathil Sebastian | „ | 20 |
| Kachappilly Davis CMI | „ | 20 |
| Karackattu Sebastian | „ | 20 |
| Karackal Sebastian | „ | 20 |
| Kavalakatt Sebastian | „ | 20 |
| Muringayil Sebastian | „ | 20 |
| Panamattamparambil Sebastian | „ | 20 |
| Parathottathil Sebastian | „ | 20 |
| Pattasseril Sebastian | „ | 20 |
| Pookulam Sebastian | „ | 20 |
| Pulickal Sebastian | „ | 20 |
| Purayidathil Sebastian | „ | 20 |
| Puthiyaparambil Sebastian | „ | 20 |
| Vadakkel Sebastian | „ | 20 |
| Valiaparambil Devasia | „ | 20 |

**Mar Remigiose Inchananiyil**

# പ്രോഗ്രാം ജനുവരി 2021

| | | |
|---|---|---|
| 01 | വെള്ളി | വർഷാരംഭം, കർത്താവിന്റെ നാമകരണത്തിരുനാൾ, ദൈവമാതൃത്വ തിരുനാൾ |
| 03 | ഞായർ | വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ തിരുനാൾ |
| 06 | ബുധൻ | ദനഹാത്തിരുനാൾ |
| 08 | വെള്ളി | വി. യോഹന്നാൻ മാംദാന |
| 15 | വെള്ളി | വി. പത്രോസ് - വി. പൗലോസ് ശ്ലീഹന്മാർ |
| 20 | ബുധൻ | വി. സെബസ്ത്യാനോസിന്റെ തിരുനാൾ |
| 21 | വ്യാഴം | **ചരമദിനം: ഫാ. ജോസഫ് മൈലാടൂർ (2016)** |
| 22 | വെള്ളി | വിശുദ്ധ സുവിശേഷകന്മാർ |
| 24 | ഞായർ | വി. ഫ്രാൻസിസ് ദി സാലസ് |
| 25 | തിങ്കൾ | മൂന്നുനോമ്പ് ആരംഭം, വി. പൗലോസിന്റെ മാനസാന്തരം |
| 26 | ചൊവ്വ | വി. തിമോത്തിയോസും വി. തീത്തോസും, ഇന്ത്യൻ റിപ്പബ്ലിക് ദിനം |
| 27 | ബുധൻ | മൂന്ന് നോമ്പ് സമാപനം |
| 28 | വ്യാഴം | വി. തോമസ് അക്വീനാസ് |
| 29 | വെള്ളി | വി. എസ്തപ്പാനോസ് |
| 30 | ശനി | ലോകസമാധാനദിനം |

Prot. No. 1480/2020




താമരമൊട്ടിന്റെ വായനക്കാർക്കെല്ലാം

പുതുവത്സര ആശംസകൾ

ഏറ്റവും സ്നേഹപൂർവ്വം നേരുന്നു

# സർക്കുലർ സീറോമലബാർ പ്രേഷിതവാരാചരണം 2021

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീ ത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

ദനഹാതിരുനാളായ ജനുവരി 6 മുതൽ 12 വരെ സീറോ മലബാർസഭ പ്രേഷിതവാരമായി എല്ലാ വർഷവും ആചരിക്കുന്ന വിവരം നമുക്കറിവുള്ളതാണല്ലോ. 'മിഷനെ അറിയുക, മിഷനറിയാവുക' എന്ന ആദർശവാക്യത്തെ പ്രായോഗികതലങ്ങളി ലെത്തിച്ച് ജീവിതത്തിലും പ്രവൃത്തിയിലും പ്രേഷിത തീക്ഷ്ണത യാൽ നിറഞ്ഞു, സഭയുടെ പ്രേഷിത ഉദ്യമങ്ങളെ ശക്തിപ്പെടുത്തു വാനുള്ള പരിശ്രമമാണ് പ്രേഷിതവാരം ലക്ഷ്യം വയ്ക്കുന്നത്. ഈയവസരത്തിൽ കേരളത്തിനകത്തും പുറത്തുമായി, ലോക ത്തിന്റെ വിവിധ ഭാഗങ്ങളിൽ, വീരോചിതമായ രീതിയിൽ മിഷൻ പ്രവത്തനത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന മെത്രാന്മാരും വൈദി കരും സന്യസ്തരും അല്മായസഹോദരങ്ങളും ഉൾപ്പെടുന്ന എല്ലാ മിഷനറിമാരെയും അവരുടെ പ്രവർത്തനങ്ങളെ സഹായിക്കുന്ന വരെയും സഭയുടെ പേരിൽ അഭിനന്ദിക്കുകയും, അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പ്രേഷിതവാരാചരണത്തിന്റെ പശ്ചാത്തലത്തിൽ ആനുകാ ലിക ലോകത്തിന്റെയും തിരുസ്സഭയുടെയും സാഹചര്യങ്ങളെ ആസ്പദമാക്കി ഏതാനും ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കു വാൻ ഞാൻ ആഗ്രഹിക്കുന്നു. 2020 മിഷൻ ഞായറിനായുള്ള പ്രേഷിത സന്ദേശത്തിൽ ഫ്രാൻസിസ് പാപ്പാ പങ്കുവയ്ക്കുന്നത്, ഇന്നിന്റെ കലുഷിത സാഹചര്യങ്ങളിലേക്ക് ദൈവസ്നേഹത്തി ന്റെയും സമാധാനത്തിന്റെയും സന്ദേശവാഹകരാകുവാൻ, "ആരാണ് എനിക്കായി പോവുക" (ഏശയ്യ 6:8), എന്ന ആകുലത യാണ്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഒരു നവീന ക്രൈസ്തവ മാനവികതയുടെ നിർമ്മാണത്തിനായി പരിശ്രമിക്കു വാൻ "എല്ലാവരും സോദരർ" എന്ന തന്റെ പുതിയ ചാക്രികലേഖന ത്തിലൂടെ ഫ്രാൻസിസ് പാപ്പാ നമ്മെ ഉദ്ബോധിപ്പിച്ചു. യഥാർത്ഥ മായ സുവിശേഷപ്രഘോഷണം വർണ്ണ

വർഗ്ഗ ലിംഗഭേദമില്ലാതെ എല്ലാവർക്കും ദൈവത്തിന്റെ സ്നേഹവും കരുണയും പങ്കുവയ് ക്കുന്നതും അതനുഭവിക്കാൻ അവസരം നൽകുന്നതുമാകണമെന്ന് മാർപ്പാപ്പ ഉദ്ബോധിപ്പിക്കുന്നു.

കോവിഡിന്റെ വിപത്തിൽ, ആവശ്യങ്ങളും അത്യാവശ്യങ്ങളും അനാവശ്യങ്ങളും തമ്മിലുള്ള വ്യത്യാസം നാം ശരിക്കും മനസ്സിലാക്കി. തിരുസ്സഭയിലെ ഏതൊരു ശുശ്രൂഷയുടെയും സംവിധാനത്തിന്റെയും മൂല്യം, സുവിശേഷവത്കരണത്തിനായി അത് എന്തുമാത്രം സഹായിക്കുന്നു എന്നതിനെ ആശ്രയിച്ചിരി ക്കുന്നു. പ്രേഷിതപ്രവർത്തനത്തിന് തടസ്സമായി നിൽക്കുന്ന ഏതു സഭാസംവിധാനവും ക്രിസ്തുവിന്റെ സുവിശേഷത്തിന് വിരുദ്ധമാ ണെന്നും അവയെ സുവിശേഷാത്മകമായി പുനർനിർമ്മിക്കണ മെന്നും ഫ്രാൻസിസ് പാപ്പാ ഉദ്ബോദിപ്പിക്കുന്നു (സുവിശേഷ ത്തിന്റെ ആനന്ദം, 26). നല്ല സമരിയാക്കാരന്റെ ഉപമ ആനുകാലിക മായി വ്യഖ്യാനിച്ചുകൊണ്ട്, മായം ചേരാത്ത ദൈവസ്നേഹത്തിന്റെ മാതൃകകളായി സഭാസംവിധാനങ്ങളെ പുനർനിർമ്മിക്കണമെന്ന് 'എല്ലാവരും സോദരർ' എന്ന ചാക്രികലേഖനത്തിലൂടെ ഫ്രാൻ സിസ് പാപ്പാ വീണ്ടും ഓർമ്മിപ്പിക്കുന്നു (നമ്പർ 62). കാരണം സ്നേഹിക്കാത്തവൻ ദൈവത്തിന്റെ കൂടെയല്ല (1 യോഹ 4:8-16). അതിനാൽ, സ്നേഹത്തിന്റെ പ്രമാണം അടിസ്ഥാനമാക്കി സഭാസം വിധാനങ്ങളെയും ശുശ്രൂഷകളെയും പുനർനിർമിച്ചാൽ മാത്രമേ, അവ ക്രിസ്തുവിശ്വാസത്തിലേക്ക് മനുഷ്യമക്കളെ നയിക്കുന്ന പ്രേഷിതപ്രവർത്തനങ്ങളായി പരിണമിക്കു.

അക്രൈസ്തവരുടെ ഇടയിൽ സുവിശേഷം പങ്കുവയ്ക്കുവാനുള്ള ഉത്സാഹം പ്രാദേശികസഭകളുടെ പക്വതയുടെ അടയാളമായിട്ടാണ് ബനഡിക്ട് പതിനാറാമൻ മാർപാപ്പ പഠിപ്പിക്കുന്നത് (*Verbum Domini,* 95). സീറോമലബാർസഭയുടെ വിശ്വാസപക്വതയുടെ തെളിവാണ് ഈ സഭയിൽനിന്നും അക്രൈസ്തവർക്കിടയിൽ ജോലിചെയ്യുവാനായി ഇറങ്ങി പുറപ്പെട്ടിരിക്കുന്ന പതിനായിരക്കണക്കിന് സഭാമക്കളുടെ ജീവിതകഥകൾ. അതിനായി അവരെ ഒരുക്കിയ കുടുംബങ്ങളും ഇടവകകളും പക്വതനിറഞ്ഞ വിശ്വാസജീവിതത്തിന്റെയും അജപാലനത്തിന്റെയും ചരിത്രം പറയുന്നു. നമ്മുടെ സഭയിൽ രൂപീകൃതമായ നിരവധി സന്യാസ-മിഷനറി സമൂഹങ്ങളോടൊപ്പം വിലമതിക്കേണ്ടതാണ് ചില അല്മായ ഭക്തസംഘടനകൾ നടത്തിയ മുന്നേറ്റങ്ങൾ. നമ്മുടെ ഇടവകവൈദികരുടെയും സന്യസ്തരുടെയും മതാധ്യാപകരുടെയും കാര്യക്ഷമമായ പ്രോത്സാഹനങ്ങളും കരിസ്മാറ്റിക്ക് നവീകരണ പ്രസ്ഥാനങ്ങൾ നൽകുന്ന തീക്ഷ്ണത നിറഞ്ഞ സന്ദേശങ്ങളും

നിമിത്തം മിഷൻ പ്രവർ ത്തനത്തിനായി വൈദിക-സമർപ്പിത ജീവിതം തെരഞ്ഞെടുക്കുന്ന യുവജനങ്ങളുടെയും മിഷൻപ്രദേശങ്ങളിൽ ജോലി ചെയ്യാൻ മുന്നിട്ടിറങ്ങുന്ന അല്മായ സഹോദരങ്ങളുടെയും വർദ്ധിച്ചുവരുന്ന തീക്ഷ്ണത ആശാവഹമാണ്.

സഭയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന മാധ്യമവിഭാഗങ്ങളും ഒറ്റ യ്ക്കും സംഘടിതവുമായി ഉത്സാഹത്തോടെ സുവിശേഷമൂല്യ ങ്ങൾ പങ്കുവയ്ക്കുന്ന നവമാധ്യമ കൂട്ടായ്മകളും നമ്മുടെ പ്രേഷിതചൈതന്യത്തിന്റെ ഉദാഹരണങ്ങളാണ്. എന്നാൽ ചിലപ്പോഴെല്ലാം അപകടമായ പെരുമാറ്റശൈലികളും ഉള്ളടക്കങ്ങളും പ്രസരിപ്പിക്കുന്നതു വഴി നമ്മുടെ മാധ്യമസംസ്കാരത്തെ അക്രൈസ്തവമാക്കുന്നുണ്ടോ എന്ന്, അവയുടെ പ്രേഷിതമൂല്യത്തിന്റെ അളവുകോലിൽ നാം പരിശോധിക്കുകയും തിരുത്തുകയും ചെയ്യേണ്ടതാണ്. കാരണം, നവമാധ്യമങ്ങളുടെ കാര്യക്ഷമമായ ഉപയോഗം നമ്മുടെ പ്രേഷിതപ്രവർത്തനങ്ങളെ പതിന്മടങ്ങ് ഫലപ്രദവും ആയാസകരവുമാക്കാൻ ഉപകരിക്കുന്നു എന്നു മാത്രമല്ല, പ്രേഷിതപ്രവർ ത്തനത്തിന്റെ ഭാവി എങ്ങനെ സഭയ്ക്കുള്ളിൽ തന്നെ ഒരു പുതിയ മാധ്യമസംസ്കാരം നമ്മൾ രൂപപ്പെടുത്തുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു.

ഭാരതത്തിലെവിടെയും പ്രേഷിതപ്രവർത്തനം നടത്തുവാ നുള്ള അവസരം 2017 ൽ നമ്മുടെ സഭയ്ക്ക് ലഭ്യമായതിനുശേഷം, പുതിയ മിഷൻ പ്രദേശങ്ങൾ ഏറ്റെടുത്ത് അവിടെ ജോലി ചെയ്യുവാ നായി നമ്മുടെ പല രൂപതകളും സമർപ്പിതകൂട്ടായ്മകളും കുടുംബ പ്രേഷിതരും നടത്തുന്ന പ്രയത്നങ്ങൾക്ക് എല്ലാ വിജയങ്ങളും ആശംസിക്കുകയും, അതിനായി മുൻകൈ എടുത്ത രൂപതാധ്യക്ഷന്മാരെയും സമർപ്പിത സമൂഹാധികാരികളെയും അല്മായ നേതൃത്വത്തെയും ഞാൻ നന്ദിപൂർവം ഓർക്കുകയും ചെയ്യുന്നു. മിഷനു വേണ്ടി പ്രാർത്ഥിച്ചും മിഷനറി ദൈവവിളികൾ പ്രോത്സാഹിപ്പിച്ചും ആവുന്ന രീതിയിലെല്ലാം സാമ്പത്തിക സംഭാവനകൾ നൽകിയും നമ്മുടെ പ്രേഷിത പ്രവർത്തനങ്ങളെ സഹായിക്കണ മെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതിനായി സഭാകേന്ദ്രത്തിൽ പ്രവർത്തിക്കുന്ന സീറോമലബാർ മിഷൻ ഓഫീസിന്റെ ശുശ്രൂഷകളുമായി സഹകരി ക്കണമെന്ന് ഓർമിപ്പിക്കുന്നു.

മറക്കാൻ പാടില്ലാത്ത ഒരു ഉപദേശം ക്രിസ്തു അന്ത്യഅത്താഴസമയത്ത് ശിഷ്യന്മാർക്കു നല്കുന്നുണ്ട "നിങ്ങൾക്ക് പരസ്പരം സ്നേഹം ഉണ്ടെങ്കിൽ, നിങ്ങൾ എന്റെ ശിഷ്യന്മാരെന്ന് ലോകം അറിയും" (യോഹ 13:35).

ശിഷ്യരുടെ ജീവിതത്തിന്റെ ഉൽകൃഷ്ടതയാണ് ഗുരുവിന്റെ നാമം നിലനിർത്തുന്നതും അറിയിക്കുന്നതും. സുകൃതപൂർണ്ണമായ ജീവിതംകൊണ്ടും പ്രഘോഷണം കൊണ്ടും നമ്മുടെ ഗുരുവിനെയും അദ്ദേഹം നൽകുന്ന നിത്യജീവനെയും അനേകരിലെത്തിക്കാം. അതിനായി പരിശ്രമിക്കുന്നവരെ പ്രാർത്ഥന കൊണ്ടും സഹകരണങ്ങൾകൊണ്ടും സഹായിക്കാം. അങ്ങനെ സുവിശേഷത്തിന്റെ സ്നേഹവും കാരുണ്യവും പ്രത്യാശയുമാകുന്ന വെളിച്ചം നൽകി ജനഹൃദയങ്ങളെ സ്പർശിക്കുവാനായി നാം പരിശ്രമിച്ചാൽ, പരിമിതമായ വാക്കുകൾ കൊണ്ട് തന്നെ ഫല പ്രദമായ പ്രേഷിതപ്രവർത്തനം നടത്താം. അതിനായി ശ്രേഷ്ഠ മിഷനറിയായ ക്രിസ്തുനാഥന്റെ അനുഗ്രഹവും പ്രേഷിതറാണിയായ പരിശുദ്ധ അമ്മയുടെയും പ്രേഷിത താതൻ തോമാശ്ലീഹായുടെ മധ്യസ്ഥതയും മിഷനറിമാരായ നാമോരോരുത്തരെയും സഹായിക്കട്ടെ.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2020-ാം ആണ്ട് ഡിസംബർ മാസം 18-ാം തീയതി നൽകപ്പെട്ടത്.

മിശിഹായിൽ സ്നേഹപൂർവ്വം,
**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**
സീറോ മലബാർസഭയുടെ മേജർആർച്ചുബിഷപ്പ

1. NB 2021 ജനുവരി 03-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ സീറോമലബാർസഭയുടെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഈ സർക്കുലർ വായിക്കേണ്ടതാണ്.
2. സീറോമലബാർ മിഷൻവാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാകേന്ദ്രങ്ങളിൽ ഏല്പിച്ച് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോമലബാർ മിഷൻ ഓഫീസിൽ 2021 ഫെബ്രുവരി 28-ന് മുമ്പായി എത്തിക്കേണ്ടതാണ്.

*സർക്കുലർ 01/2021*

# വി. യൗസേപ്പിതാവിന്റെ വർഷം - 2021

മിശിഹായിൽ പ്രിയപ്പെട്ടവരേ,

ക്രിസ്തുമസ്സിന്റെ അനുഗ്രഹങ്ങൾ നിറഞ്ഞ ദിനങ്ങൾക്കു ശേഷം പുതുവർഷത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. ഏവർക്കും പുതുവത്സരത്തിന്റെ നന്മകളും ദൈവാനുഗ്രഹങ്ങളും നേരുന്നു. 2019 ഡിസംബർ 29 ന് ആരംഭിച്ച കുടുംബവർഷത്തിന്റെ സമാപനത്തോടൊപ്പം കുടുംബങ്ങളുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ വർഷം കൂടി ആചരിക്കുവാൻ നമുക്ക് സാധിക്കുന്നത് നമ്മെ കൂടുതൽ സന്തോഷഭരിതരാക്കുന്നു.

1870 ഡിസംബർ 8 ന് പതിനൊന്നാം പീയൂസ് മാർപ്പാപ്പ യൗസേപ്പിതാവിനെ കത്തോലിക്കാസഭയുടെ സംരക്ഷകനായി പ്രഖ്യാപിച്ചതിന്റെ 150-ാം വാർഷികത്തിൽ 'പാത്രിസ് കോർദേ' അഥവാ 'ഒരു പിതാവിന്റെ ഹൃദയത്തോടെ' എന്ന അപ്പസ്തോലിക പ്രബോധനത്തിലൂടെ 2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെ വി. യൗസേപ്പിതാവിന്റെ വർഷമായി ആചരിക്കുവാൻ പരി. പിതാവ് ഫ്രാൻസിസ് മാർപ്പാപ്പ ആഹ്വാനം ചെയ്തിരിക്കുകയാണ്. ഈ വർഷാചരണം വഴി മൂന്ന് കാര്യങ്ങളാണ് മാർപ്പാപ്പ നമ്മോട് ആവശ്യപ്പെടുന്നത്; വി. യൗസേപ്പിതാവിനെ സ്നേഹിക്കുക, വി. യൗസേപ്പിതാവിനോട് പ്രാർത്ഥിക്കുക, വി. യൗസേപ്പിതാവിനെ അനുകരിക്കുക.

വി. യൗസേപ്പിതാവിനോട് ആഴമായ സ്നേഹവും ഭക്തിയും വിശ്വാസവും പഴയ തലമുറയ്ക്കുണ്ടായിരുന്നു എന്നത് യാഥാർത്ഥ്യമാണ്. 'ഭാഗ്യപ്പെട്ട മാർ യൗസേപ്പേ, ഞങ്ങളുടെ അനർത്ഥങ്ങളിൽ അങ്ങയുടെ പരിശുദ്ധ ഭാര്യയുടെ സഹായം അപേക്ഷിച്ചതിനുശേഷം...' എന്നുള്ള പ്രാർത്ഥനയും 'കന്യാവ്രതക്കാരുടെ കാവൽ ക്കാരനും പിതാവുമായ വി. യൗസേപ്പേ...' എന്നുള്ള പ്രാർത്ഥനയും നമ്മുടെ എല്ലാ ഭവനങ്ങളിലും കുടുംബപ്രാർത്ഥനയ്ക്കുശേഷം ചൊല്ലിയിരുന്നു. മാത്രമല്ല, ഈ പ്രാർത്ഥനകൾ മക്കൾ മനഃപാഠമാക്കണമെന്ന് മാതാപിതാക്കൾ പ്രത്യേകം നിഷ്കർഷിച്ചിരുന്നു. മാർച്ചു മാസം നമ്മുടെ ഭവനങ്ങളിൽ വി. യൗസേപ്പിതാവിനോട് പ്രത്യേക പ്രാർത്ഥനകൾ നടത്തിയിരുന്നു. ഒരു പക്ഷേ, ക്രൈസ്തവ നാമങ്ങളിൽ മാതാവ് കഴിഞ്ഞാൽ കൂടുതൽ നൽകപ്പെട്ട നാമവും ജോസഫിന്റേതായിരിക്കാം. എത്രയോ ദൈവാലയങ്ങളും സന്യാസ സമൂഹങ്ങളും വി. യൗസേപ്പിതാവിന്റെ

നാമധേയത്തിലും മാദ്ധ്യ സ്ഥതയിലുമുണ്ട്. ഇതെല്ലാം സൂചിപ്പിക്കുന്നത് യൗസേപ്പിതാവിന് നമ്മുടെ വിശ്വാസ ജീവിതത്തിലൂള്ള പ്രാധാന്യമാണ്. തലശ്ശേരി അതിരൂപത സ്ഥാപിതമായപ്പോൾ രൂപതയുടെ മദ്ധ്യസ്ഥനായി അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവ് വി. യൗസേപ്പിതാവിനെയാണ് സ്വീകരിച്ചത്. നമ്മുടെ സഭയിൽ പൊതുവെയുണ്ടായിരുന്ന വി. യൗസേപ്പിതാവിനോടുള്ള ഭക്തി, വർദ്ധമാനമാകുവാൻ അഭിവന്ദ്യ വള്ളോപ്പിള്ളിപ്പിതാവിന്റെ ശക്തമായ പ്രേരണയുണ്ടായിട്ടുണ്ട് എന്നതിൽ തർക്കമില്ല.

തിരുക്കുടുംബത്തിന്റെ സംരക്ഷകൻ, കന്യാവ്രതക്കാരുടെ കാവൽക്കാരൻ, ബ്രഹ്മചാരികളുടെ മദ്ധ്യസ്ഥൻ, തൊഴിലാളികളുടെ മാതൃക, നല്ലമരണത്തിന്റെ മദ്ധ്യസ്ഥൻ, പ്രവാസികളുടെ അഭയം, തിരുസ്സഭയുടെ സംരക്ഷകൻ എന്നീ അഭിധാനങ്ങളാൽ സമ്പന്നമാണ് വി. യൗസേപ്പിന്റെ നാമവും മാദ്ധ്യസ്ഥ്യവും.

ഫ്രാൻസിസ് മാർപ്പാപ്പയുടെ വി. യൗസേപ്പിതാവിനോടുള്ള ഭക്തി വളരെ പ്രസിദ്ധമാണല്ലോ. ഒരു പിതാവിന്റെ ഹൃദയത്തോടെ ഈശോയെ സ്നേഹിച്ച വി. യൗസേപ്പിതാവിനോട് എന്തെന്നില്ലാത്ത സ്നേഹവും ഭക്തിയും ഫ്രാൻസിസ് മാർപ്പാപ്പ പ്രകടിപ്പിക്കുന്നുണ്ട്. വി. യൗസേപ്പിതാവിന്റെ ഉറങ്ങുന്ന തിരുസ്വരൂപം സ്വന്തം മുറിയിൽ സൂക്ഷിക്കുകയും വണങ്ങുകയും ചെയ്തിരുന്ന മാർപ്പാപ്പ ഒരിക്കൽ പറഞ്ഞത് ഇപ്രകാരമാണ്: “വി. യൗസേപ്പ് ഉറങ്ങുമ്പോഴും സഭയെ പരിപാലിക്കുന്നു. അദ്ദേഹത്തിന് അത് ചെയ്യുവാൻ കഴിയുമെന്ന് നമുക്കറിയാം. അതിനാൽ ഒരു പ്രയാസമോ, പ്രശ്നമോ ഉണ്ടാകുമ്പോൾ ഞാൻ ഒരു കുറിപ്പെഴുതി ഉറങ്ങുന്ന വി. യൗസേപ്പിതാവിന്റെ തിരുസ്വരൂപത്തിന്റെ കീഴിൽ വയ്ക്കുന്നു. എന്നിട്ട് കുറിപ്പിൽ എഴുതിയിരിക്കുന്ന പ്രശ്ന പരിഹാരത്തിനായി മാദ്ധ്യസ്ഥ്യം വഹിക്കാൻ പറയുന്നു’’. തന്റെ പ്രശ്നങ്ങളെല്ലാം ഇപ്രകാരം പരിഹരിക്കപ്പെട്ടതായി പരി. പിതാവ് സാക്ഷ്യപ്പെടുത്തുന്നുണ്ട്. അതുകൊണ്ട് മാർപ്പാപ്പ പറയുന്നു: “ഉറങ്ങുന്ന വി. യൗസേപ്പിനെ മറക്കരുത്”.

ഈശോ യൗസേപ്പിന്റെ സംരക്ഷണയിൽ സുഖമായി ഉറങ്ങിയിരുന്നു. വി. യൗസേപ്പാകട്ടെ ദൈവകരങ്ങളിലാണ് ഉറങ്ങി യിരുന്നത്. ആ ഉറക്കത്തിൽ അവന് ദൈവഹിതം വെളിപ്പെടുത്തപ്പെട്ടു. ദൈവഹിതം തിരിച്ചറിഞ്ഞ ജോസഫ് ‘‘നിദ്രയിൽ നിന്നു ണർന്ന് കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെ പ്രവർത്തിച്ചു” (മത്തായി 1/24).

വി. ഗ്രന്ഥത്തിൽ വി. യൗസേപ്പിനെക്കുറിച്ച് വളരെ കുറച്ച് സൂചനകളേ നാം കാണുന്നുള്ളൂ. ആ പുണ്യപിതാവിന്റേതായി ഒരു വാക്കുപോലും രേഖപ്പെടുത്തപ്പെട്ടിട്ടില്ല. എന്നാൽ സംസാ രിക്കുന്ന ദൈവത്തിന്റെ ഹിതം നിശ്ബദതയിൽ ശ്രവിച്ച് അതനുസരിച്ച് മാത്രം പ്രവർത്തിക്കുവാൻ യൗസേപ്പിതാവിന് സാധിച്ചു. ഈ മാതൃക പിൻചെന്ന് ഈ മഹാമാരിയുടെ

കാലഘട്ടത്തിൽ നിശബ്ദമായി സേവനം ചെയ്യുന്നവരെയെല്ലാം പരി. പിതാവ് പ്രത്യേകം അനുസ്മരിക്കുന്നുണ്ട്. മറഞ്ഞിരിക്കുന്നവർക്കും രക്ഷാചരിത്രത്തിൽ സമാനതകളില്ലാത്ത പങ്കുവഹിക്കാൻ കഴിയുമെന്ന് വി. യൗസേപ്പ് നമ്മെ പഠിപ്പിക്കുന്നു. (ഫ്രാൻസിസ് മാർപ്പാപ്പ - പാത്രിസ് കോർദേ). രക്ഷാകര സംഭവത്തിൽ പരി. അമ്മയെയും ഈശോയെയും ശുശ്രൂഷിച്ചും സംരക്ഷിച്ചും നിശബ് ദനായി ഈ ലോകത്തിൽ നിന്നും കടന്നുപോയ വി. യൗസേപ്പിതാവിനെ "ക്രൈസ്തവ ജീവിതത്തിന്റെ മാതൃക"യെന്നാണ് വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ വിശേഷിപ്പിക്കുന്നത് (രക്ഷകന്റ പാലകൻ).

ഗർഭിണിയായ മറിയത്തെ ദൈവേഷ്ടപ്രകാരം നിരുപാധിക മായി അംഗീകരിക്കുകയും അവളുടെ സത്പേര്, അന്തസ്സ്, ജീവിതം എന്നിവ സംരക്ഷിക്കാൻ തീരുമാനിക്കുകയും താൻമൂലം ആരും അപമാനിത രാകരുതെന്നും വേദനിക്കാൻ ഇടയാകരുതെന്നും ആഗ്രഹിച്ച നീതിമാനാണ് വി. യൗസേപ്പിതാവ്. ദൈവപുത്രനായ ഈശോയെ കരുതലോടെ വളർത്തുകയും പരിപാലിക്കുകയും ചെയ്ത ഉത്തമനായ പിതാവാണ് അദ്ദേഹം. അപായ സൂചന ദൈവത്തിൽ നിന്ന് മുന്നറിയിപ്പായി ലഭിച്ചപ്പോൾ സധൈര്യം തിരുക്കുടുംബത്തെ സംരക്ഷിച്ച സംരക്ഷകനും, തന്റെ കുടും ബത്തെ ഉത്തരവാദിത്വത്തോടെ പരിപാലിക്കുവാൻ തച്ചനായി ജോലി ചെയ്ത് തൊഴിലിന്റെ മാഹാത്മ്യം നമുക്കു പറഞ്ഞുതരു ന്നവനും, ഈശോയുടെയും മാതാവിന്റെയും തിരുമുഖം ദർശിച്ച് അവരുടെ സാന്നിധ്യത്തിൽ ഭാഗ്യമരണമടയുവാൻ ഭാഗ്യം ലഭിച്ചവനുമാണ് വി. യൗസേപ്പ്. സ്വന്തം നാടും, കുടുംബവും, സാഹചര്യങ്ങളും വിട്ട് പ്രവാസിയായിക്കഴിഞ്ഞപ്പോഴും ദൈവേഷ്ടമനുസരിച്ച് ജീവിച്ച പ്രവാസിയാണ് വി. യൗസേപ്പ്. ജീവിച്ചനാളുകളത്രയും ബ്രഹ്മചാരിയായി ജീവിച്ച് ബ്രഹ്മചാരി കളുടെ മകുടമായി മാറിയ മാതൃകയാണ് വി. യൗസേപ്പ്. ഇപ്രകാരം ജീവിതത്തിന്റെ സമസ്തമേഖലകളിലും മാതൃകയാക്കാൻ കഴിയുന്ന പുണ്യചരിത്രമാണ് വി. യൗസേപ്പ് നമ്മുടെ മുമ്പിൽ വരച്ചുകാട്ടുന്നത്.

തിരുക്കുടുംബത്തിന്റെ ഏതാവശ്യങ്ങളിലും സദാ സന്നദ്ധനായിരുന്ന അപ്പനാണ് വി. യൗസേപ്പ്. കുടുംബത്തോടൊപ്പം പ്രാർത്ഥിച്ചും, കുടുംബത്തിനുവേണ്ടി അധ്വാനിച്ചും കുടുംബത്തോടൊപ്പം ഭക്ഷണം കഴിച്ചും, അവരോടൊപ്പം ദൈവാലയത്തിലും സിനഗോഗിലും പോയി പ്രാർത്ഥിച്ചും, കുടുംബ ത്തിന്റെ വേദനയിലും സന്തോഷത്തിലും പങ്കുചേർന്ന, തിരുക്കു ടുംബത്തിന്റെ കൂടെ സഞ്ചരിച്ച ഏറ്റവും ഭാഗ്യം ചെന്ന ഒരു അപ്പന്റെ ചിത്രമാണ് വി. യൗസേപ്പിതാവിൽ നാം കാണുന്നത്.

ഈ ശൈലി മാതൃകയാക്കാനാണ് ഫ്രാൻസിസ് മാർപ്പാപ്പയുടെ ആഹ്വാനം. ഒരു അപ്പന്റെ സംലഭ്യതയും സാന്നിധ്യവും കുടുംബത്തിനു വേണ്ടിയുള്ള കഠിനാധ്വാനവും മാതൃകാപരമായ ജീവിതവും ജീവിത പങ്കാളിക്കും മക്കൾക്കും

നല്കുന്ന അഭിമാന ബോധവും സുരക്ഷിതത്വവും അപാരമാണ്. വി. യൗസേപ്പിതാവിന്റെ വർഷാചരണം എല്ലാവർക്കും പ്രത്യേകിച്ച് നമ്മുടെ കുടുംബ നാഥന്മാർക്ക് ഒരു പ്രചോദനമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

വിരക്തമായ താപസ ജീവിതത്തിലൂടെ തന്റെ മാനുഷികതയെ അതിന്റെ പൂർണ്ണതയിൽ ദൈവത്തിനും മനുഷ്യകുലം മുഴുവനും വേണ്ടി സമർപ്പിച്ച വി. യൗസേപ്പിതാവ് വിശുദ്ധിയിൽ അദ്വീയതിനും സമർപ്പിതർക്ക് മാതൃകയുമാണ്. സ്നേഹിതനു വേണ്ടി ജീവനർപ്പിക്കുന്ന സ്നേഹമാണ് വി. യൗസേപ്പിതാവിൽ നാം കാണുന്നത്. മാതാപിതാക്കളെയും, ഈ ലോകത്തിന്റെ ആഢംബരങ്ങളെയും ഉപേക്ഷിച്ച് മറ്റുള്ളവർക്കായ് ജീവിതം മാറ്റിവച്ച സമർപ്പിതർ സഭയുടെ വലിയ സാക്ഷ്യമാണല്ലോ. വി. യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥതയാൽ നല്ല ദൈവവിളികൾ ലഭിക്കുന്നതിനും സമർപ്പിത ജീവിതത്തിലുള്ളവർ ദൈവഹിതപ്രകാരം ജീവിക്കുന്നതിനും നമുക്ക് പ്രാർത്ഥിക്കാം.

വി. യൗസേപ്പിതാവിന്റെ വർഷാചരണം പൂർണ്ണ ദണ്ഡവി മോചനത്തിനുള്ള അവസരമായും തിരുസ്സഭ നമുക്ക് നല്കുന്നുണ്ട് (ലൊസ്സർവത്തോരെ റോമാനോ, ഡിസംബർ11, 2020, പേജ്. 4). പൂർണ്ണമായ ഒരുക്കത്തോടുകൂടി താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യുവാൻ നമുക്ക് പരിശ്രമിക്കാം.


1. സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥനയെക്കുറിച്ച് 30 മിനിറ്റ് ധ്യാനിക്കുക. വി. യൗസേപ്പിതാവിനെക്കുറിച്ചുള്ള ഒരു ഏകദിന ധ്യാനത്തിൽ പങ്കെടുക്കുക.
2. കാരുണ്യപ്രവർത്തികൾ ഒരുക്കത്തോടെ ചെയ്യുക.
3. ഒരുക്കത്തോടെ കുടുംബാംഗങ്ങൾ ഒരുമിച്ച് ജപമാല ചൊല്ലി പ്രാർത്ഥിക്കുക.
4. വി. യൗസേപ്പിന്റെ സംരക്ഷണത്തിന് സമർപ്പിക്കുകയും, വിശുദ്ധന്റെ മാദ്ധ്യസ്ഥ്യം യാചിച്ചുകൊണ്ട് അവരവരുടെ ജോലിയിൽ പ്രാർത്ഥനാപൂർവ്വം വ്യാപൃതരാവുകയും ചെയ്യുക.
5. വി. യൗസേപ്പിതാവിനോടുള്ള ഏതെങ്കിലും പ്രാർത്ഥനകളോ ലുത്തിനിയയോ പീഡിതസഭയ്ക്കും പീഡിത ക്രൈസ്തവർക്കുവേണ്ടി സമർപ്പിക്കുക.
6. മാർച്ച് 19, മെയ് 1, തിരുക്കുടുംബത്തിന്റെ തിരുനാൾ എന്നീ ദിവസങ്ങളിലും എല്ലാ മാസത്തെയും 19-ാം തീയതികളിലും, എല്ലാ ബുധനാഴ്ചകളിലും വിശുദ്ധനോടുള്ള പ്രാർത്ഥനകൾ ഒരുക്കത്തോടെ ചൊല്ലുക.
7. മഹാമാരിയുടെ ഈ പ്രത്യേക സാഹചര്യത്തിൽ കിടപ്പുരോഗികൾക്കും വൃദ്ധർക്കും കുമ്പസാരം, രോഗീലേപനം വി. കുർബാന എന്നിവ തീഷ്ണതയോടെ പരികർമ്മം ചെയ്ത് പൂർണ്ണ ദണ്ഡവിമോചനം നൽകുവാൻ വൈദികർക്ക് പ്രത്യേകമായ അധികാരം മാർപ്പാപ്പ നൽകുന്നുണ്ട്.

**തിരുസ്സഭയുടെ സംരക്ഷകനായ വി. യൗസേപ്പിതാവിന്റെ വർഷാചരണം ഏറ്റവും സമുചിതമായി ആചരിക്കുവാൻ ബഹു. വൈദികരും സമർപ്പിതരും ദൈവജനത്തെ സഹായിക്കണം. ഏതാനും ചില നിർദ്ദേശങ്ങൾ നല്കുന്നു.**

1. വി. യൗസേപ്പിതാവിന്റെയോ തിരുക്കുടുംബത്തിന്റെയോ രൂപം വീട്ടിൽ അലങ്കരിച്ചു വയ്ക്കണം.
2. കുടുംബപ്രാർത്ഥനയിൽ വി. യൗസേപ്പിതാവിനോടുള്ള പ്രാർത്ഥന കൂട്ടിച്ചേർക്കണം.
3. എല്ലാ ബുധനാഴ്ചയും എല്ലാ മാസവും 19-ാം തീയതിയും നമ്മുടെ എല്ലാ ദൈവാലയങ്ങളിലും സന്യാസസമൂഹ ങ്ങളിലും സ്ഥാപനങ്ങളിലും വി. യൗസേപ്പിതാവിനോടുള്ള നൊവേന ചൊല്ലുക. അതൊടൊപ്പം കുടുംബങ്ങളിലും സന്ധ്യാപ്രാർത്ഥനയോടുകൂടി നൊവേന ചൊല്ലുക.
4. മാർച്ച് 19, മെയ് 1 തീയതികളിൽ വി. യൗസേപ്പിതാവിന്റെ തിരുനാൾ സമുചിതമായി ആചരിക്കുക.
5. വി. യൗസേപ്പിതാവിന്റെ നാമധേയത്തിലുള്ള ദൈവാലയങ്ങൾ സന്ദർശിച്ച് പ്രാർത്ഥിക്കുക.
6. ഈ വർഷം ജനിക്കുന്ന ആൺകുട്ടികൾക്ക് സാധിക്കുമെങ്കിൽ വി. യൗസേപ്പിതാവിന്റെ പേര് നൽകുക.

ഇപ്രകാരം വി. യൗസേപ്പിതാവിനെ സ്നേഹിക്കാം, വി. യൗസേപ്പിതാവിനോട് പ്രാർത്ഥിക്കാം, വി. യൗസേപ്പിതാവിനെ അനുകരിക്കാം. തിരുക്കുടുംബത്തിന്റെ കാവൽക്കാരനായ വി. യൗസേപ്പിതാവിന്റെയും തിരുക്കുടുംബത്തിന്റെ നാഥയായ പരി. അമ്മയുടെയും ശക്തമായ മാദ്ധ്യസ്ഥ ശക്തിയാൽ നവീകരിക്കപ്പെട്ട സഭാസമൂഹമായി മാറുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

സ്നേഹപൂർവ്വം,



**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

*ഈ സർക്കുലർ ജനുവരി 10 ഞായറാഴ്ച ദൈവാലയത്തിൽ വായിക്കുകയും ഇടവക ഗ്രൂപ്പുകളിൽ അറിയിക്കുകയും ചെയ്യേണ്ടതാണ്.*

# കച്ചേരിക്കാര്യം

### 1. പുതിയ നിയമനം

ബഹു. ഫാ. മാനുവേൽ ആനിക്കുടിയിൽ OFM Cap : അസി. വികാരി, കുണ്ടായിത്തോട്

### 2. സീറോ മലബാർ പ്രേഷിതവാരം, പ്രേഷിത ഞായർ പ്രത്യേക പിരിവ്

2021 ജനുവരി 6-ാം തീയതി മുതൽ 12.-ാം തീയതി വരെ സീറോ മലബാർ സഭ പ്രേഷിതവാരമായി ആചരിക്കുന്നു. ഈ ദിവസങ്ങളിൽ സഭയുടെ മിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് അറിയുവാനും പരിചയപ്പെടുവാനും പരിശ്രമിക്കാം.

### 3. സഭൈക്യവാരം

2021 ജനുവരി 18 മുതൽ 25 വരെ സഭൈക്യവാരമായി ആചരിക്കുന്നു. സഭകളുടെ ഐക്യം ഫലപ്രദമായ സുവിശേഷ പ്രഘോഷണത്തിന് ആവശ്യമായിത്തീർന്നിരിക്കുന്ന ഈ കാലഘട്ടത്തിൽ കൂടുതൽ ഐക്യത്തോടും ഉപവിയോടും കൂടി പ്രവർത്തിക്കാനുള്ള സാഹചര്യം രൂപീകരിക്കുന്നതിന് പ്രയോജനപ്പെടുത്താം.

### 4. 2021 – വി. യൗസേപ്പിതാവിന്റെ വർഷം

ആഗോള കത്തോലിക്കാസഭയിൽ പരി. പിതാവ് ഫ്രാൻസിസ് മാർപ്പാപ്പ 2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെ വി. യൗസേപ്പിതാവിന്റെ വർഷമായി പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. ഈയൊരു വർഷക്കാലം വി. യൗസേപ്പിതാവിനോടുള്ള നമ്മുടെ ഭക്തിയും വണക്കവും വിശ്വാസവും മാദ്ധ്യസ്ഥ്യവും കൂടുതൽ ഊർജ്ജസ്വലമാക്കുവാൻ നമുക്ക് പരിശ്രമിക്കാം. വി. യൗസേപ്പിതാവിന്റെ വർഷാചരണത്തിലൂടെ സഭ നല്കുന്ന പൂർണ്ണ ദണ്ഡവിമോചനം നേടുവാൻ ദൈവജനത്തെ ഒരുക്കുവാൻ ബഹു. വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

### 5. ഫിലിപ്പ് നേരി സന്യാസിനിസമൂഹം

പുതുപ്പാടിയിലുള്ള ഫിലിപ്പ്നേരി സന്യാസിനി സമൂഹത്തെ രൂപതാപദവിയുള്ള ഒരു സ്വതന്ത്ര സന്യാസിനിസമൂഹമായി പരിശുദ്ധ സിംഹാസനം ഉയർത്തിയിരിക്കുന്നു. ഇനി മുതൽ ഫിലിപ്പ് നേരി സിസ്റ്റേഴ്സ് ഓഫ് താമരശ്ശേരി എന്ന പേരിലായിരിക്കും അറിയപ്പെടുക.

### 6. ന്യൂനപക്ഷ കമ്മീഷൻ

കേരള ക്രൈസ്തവ സമൂഹത്തിന്റെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ, ക്ഷേമ പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് വിശദമായ പഠനം

നടത്തുന്നതിനായി ജസ്റ്റിസ് ജെ. ബി. കോശി അധ്യക്ഷനായി സംസ്ഥാന സർക്കാർ ഒരു കമ്മീഷൻ രൂപീകരിച്ചിരിക്കുന്നു. പ്രസ്തുത കമ്മീഷന്റെ മുമ്പാകെ നമ്മുടെ സമൂഹത്തിന്റെ പിന്നാക്കാവസ്ഥ തെളിയിക്കാനാവശ്യമായ പഠനറിപ്പോർട്ടുകൾ ഓരോ രൂപത നേരിട്ടും രൂപതകളിലെ സംഘടനകൾ, ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾ, സോഷ്യൽ സർവീസ് സൊസൈറ്റികൾ, വിവിധ ഇടവകകൾ എന്നിവയുടെ നേതൃത്വത്തിലും തയ്യാറാക്കി ജില്ലാ, താലൂക്ക്, പഞ്ചായത്ത് തുടങ്ങിയ വയുടെ അടിസ്ഥാനത്തിൽ പുനഃക്രമീകരിച്ച് അവതരിപ്പിക്കേണ്ടതുണ്ട്. കൂടാതെ സഭയുടെ പൊതുവായ ഒരു റിപ്പോർട്ടും സമർപ്പിക്കുന്നുണ്ട്. പ്രസ്തുത കമ്മീഷൻ ജില്ല /മേഖല തല സിറ്റിംഗുകൾ നടത്തുമ്പോഴാണ് ഇപ്രകാരം റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടത്. വിവിധ സംഘടനകൾക്കും വ്യക്തികൾക്കും ഹിയറിംഗുകൾക്കുള്ള അവസരവും ലഭിച്ചേക്കാം. കമ്മീഷന്റെ സിറ്റിംഗുകൾ ജില്ലകൾ തോറും അടുത്ത മാസം തന്നെ ആരംഭി ക്കാൻ സാധ്യതയുണ്ട്. ഈ സുപ്രധാന അവസരം പരമാവധി പ്രയോജന പ്പെടുത്തി ഓരോ മേഖലയെയും പ്രദേശത്തെയും കുറിച്ചു വിശദമായ പഠനം നടത്തുന്നതു കമ്മീഷന്റെ മുമ്പിൽ നമ്മുടെ കാര്യങ്ങൾ കൃത്യമായ ഡാറ്റാ യുടെ പിൻബലത്തോടെ അവതരിപ്പിക്കുന്നതിനും നമ്മുടെ സമുദായ ത്തിന്റെ വിവിധ പ്രശ്നങ്ങളെ യാഥാർത്ഥ്യബോധത്തോടെ നമുക്കു തന്നെ സമീപിക്കുന്നതിനും സഹായകരമാകും.

നമ്മുടെ രൂപതയിൽ ഈ വിഷയവുമായി ബന്ധപ്പെട്ട പഠനങ്ങൾ ശാസ്ത്രീയമായി നടത്തുന്നതിനു ബഹു. ജനറാളച്ചന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റി പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**7. നവവൈദികരുടെ സംഗമം**

താമരശ്ശേരി രൂപതയിലെ വിവിധ ഇടവകകളിൽ നിന്ന് ഈ വർഷം വൈദികപട്ടം സ്വീകരിച്ച എല്ലാവരുടെയും ഒരു സംഗമം ജനുവരി 7-ാം തീയതി വ്യാഴാഴ്ച താമര ശ്ശേരി രൂപതാഭവനിൽ വെച്ച് നടത്തുന്നു. രൂപതയ്ക്കുവേണ്ടിയും മറ്റ് രൂപതകൾക്കു വേണ്ടിയും സന്യാസസമൂഹങ്ങൾക്കുവേണ്ടിയും തിരുപ്പട്ടം സ്വീകരിച്ച എല്ലാവരെയും ഈ സംഗമത്തിൽ പങ്കെടുപ്പിക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**8. സ്മരണാഞ്ജലി**

| | | |
|---|---|---|
| 06-01-1979 | - | റവ. ഫാ. ജോസഫ് പരിയാരം |
| 10-01-1994 | - | റവ. ഫാ. ഫൗസ്റ്റിൻ സി.എം.ഐ. |
| 18-01-1960 | - | റവ. ഫാ. കെറൂബിൻ സി.എം.ഐ. |
| 18-01-1989 | - | റവ. ഫാ. ബെർനാർഡിൻ സി.എം.ഐ. |
| **21-01-2016** | **-** | **റവ. ഫാ. ജോസഫ് മൈലാടൂർ** |
| 31-01-1986 | - | റവ. ഫാ. അബ്രാഹം പൊരുന്നോലിൽ |

**പ്രോട്ടോസിഞ്ചെല്ലൂസ്**




# മതബോധനം

'ക്രിസ്തുവിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ്. പഴയതു കടന്നു പോയി. ഇതാ പുതിയത് വന്നു കഴിഞ്ഞു'. (2 കൊറി 5:17 ) 2021 ആണ്ടിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണ്. ക്രിസ്തുവിൽ ആയിരിക്കുവാനുള്ള നവവത്സരമാണിത്. ക്രിസ്തുവിൽ ആയിരിക്കുക എന്നാൽ ക്രിസ്തുവായി ജീവിക്കുക എന്നാണ് അർത്ഥം. തിന്മയെ ഉപേക്ഷിക്കുവാനും നന്മയായതിനെ മുറുകെ പിടിക്കുവാനും ഈ പുതുവത്സരത്തിൽ നമുക്ക് പരിശ്രമിക്കണം. ആത്മാവിൽ പുത്തനുണർവ്വ് നേടിയെടുത്ത് ക്രിസ്തുവിനോടൊപ്പം സ്വർഗ്ഗം തേടിയുള്ള ഈ വിശ്വാസയാത്ര പ്രത്യാശയോടെ നമുക്ക് തുടരാം......

## അർദ്ധവാർഷിക പരീക്ഷ

ഒക്ടോബർ 25-ാം തിയ്യതി ഈ വർഷത്തെ അർദ്ധവാർഷിക പരീക്ഷകൾ നടന്നു. ചോദ്യപേപ്പറുകൾ pdf ഫയൽ ആയി അയച്ചു നൽകി. കുട്ടികൾ സ്വന്തം ഭവനങ്ങളിൽ ഇരുന്ന് മാതാപിതാക്കളുടെ നിരീക്ഷണത്തിലാണ് പരീക്ഷകൾ എഴുതിയത്. ചുരുക്കം ചില ഇടവകകളിൽ സൺഡേ സ്കൂളിൽ ഒരുമിച്ചുകൂട്ടി പരീക്ഷകൾ നടത്തി.

### മതാധ്യാപക ദിനം (നവംബർ 4)

വിശ്വാസ പരിശീലകരുടെ മധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ ദിവസത്തോടനുബന്ധിച്ച് നവംബർ 5 തീയതി വിവിധ ഇടവകകളിൽ മതാധ്യാപക ദിനം ആചരിച്ചു. അന്നേദിവസം പല ഇടവകകളിലും മതാധ്യാപകരെ ഒരുമിച്ചുകൂട്ടി പ്രാർത്ഥിക്കുകയും ആശംസകൾ നേരുകയും ചെയ്തു. രൂപതാ ഡയറക്ടർ വിശ്വാസ പരിശീലകർക്ക് ആശംസകൾ അർപ്പിക്കുകയും സഭയ്ക്കു നൽകുന്ന വലിയ ശുശ്രൂഷകൾക്ക് നന്ദിപറഞ്ഞുകൊണ്ട് മധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയെക്കുറിച്ച് ഓൺലൈൻ ക്ലാസ്സ് നൽകുകയും ചെയ്തു.

### അഭിവന്ദ്യ പിതാവിന്റെ നവംബർമാസ സന്ദേശം

നവംബർ മാസത്തിൽ ശുദ്ധീകരണസ്ഥലത്തെകുറിച്ചും മരണാനന്തരജീവിതത്തെ കുറിച്ചും അഭിവന്ദ്യ മാർ റെമീജിയോസ് പിതാവ് അധ്യാപകർക്കും കുട്ടികൾക്കും മാതാപിതാക്കൾക്കുമായി സന്ദേശം നൽകി.

### ശുദ്ധീകരണസ്ഥലം

ശുദ്ധീകരണ സ്ഥലത്തെ കുറിച്ച് വിശുദ്ധ ഗ്രന്ഥത്തിന്റെയും സഭാപ്രബോധനങ്ങളുടേയും വിശുദ്ധരുടെ വെളിപാടുകളുടേയും അടിസ്ഥാനത്തിൽ തയ്യാറാക്കി കുട്ടികൾ അവതരിപ്പിച്ച 12 പ്രസംഗങ്ങൾ, മരിച്ച വിശ്വാസികളെ കുറിച്ച് ഓർക്കുവാനും പ്രാർത്ഥിക്കുവാനും എല്ലാവർക്കും അല്പംകൂടി പ്രരണ നല്കി.

### Behold Christ (നവംബർ 17)

നവംബർ മാസത്തിൽ Behold Christ മുക്കം സേക്രഡ് ഹാർട്ട് ദൈവാലയത്തിൽ നടന്നു. അന്നേദിവസം രൂപത ഡയറക്ടറും അസി. ഡയറക്ടറും ബഹു. വികാരിയച്ചൻ തോമസ് പുതിയാപറമ്പിലച്ചന്റെ സാന്നിധ്യത്തിൽ മുക്കം ഇടവകയിലെ വിശ്വാസപരിശീലകരെ കാണുകയും മതബോധന പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു

### മേഖലാ പ്രസിഡന്റുമാരുടെ ഗൂഗിൾ മീറ്റ്

2021 ജനുവരി 26ന് നടക്കുന്ന HCC-I, HCC-II പരീക്ഷകളെക്കുറിച്ച് ചിന്തിക്കുവാനും രൂപത കമ്മിറ്റി മീറ്റിംഗ് നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുവാനും 2020 ഡിസംബർ 1 ന് മേഖലാ പ്രസിഡന്റുമാരുടെ ഒരു ഗൂഗിൾ മീറ്റ് നടത്തി.

### അഭിവന്ദ്യ പിതാവിന്റെ നോമ്പുകാല സന്ദേശം

25 നോമ്പിന് ഒരുക്കമായി അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കുട്ടികൾക്കും മാതാപിതാക്കൾക്കും അധ്യാപകർക്കുമായി Catechesis Thamarassery എന്ന Youtube ചാനലിലൂടെ നോമ്പുകാലസന്ദേശം നൽകി.

## Bambino Gesu

തിരുപ്പിറവിക്ക് ഒരുക്കമായി താമരശ്ശേരി സെന്റ് അൽഫോൻസാ മൈനർ സെമിനാരിയിലെ വൈദീക വിദ്യാർത്ഥികൾ 24 ദിവസവും ചെറിയ ക്രിസ്മസ് വിചിന്തനങ്ങൾ നൽകി. ബഹു. റെക്ടർ ജേക്കബ് അരീത്തറ അച്ചന്റെ ക്രിസ്മസ് സന്ദേശത്തോടെയാണ് Bambino Gesu എന്ന പ്രോഗ്രാം അവസാനിപ്പിച്ചത്.

## അഭിവന്ദ്യ പിതാവിന്റെ zoom meet

ക്രിസ്മസിനോടനുബന്ധിച്ചു ഡിസംബർ 22ന് അഭിവന്ദ്യ പിതാവ് രൂപതയിലെ മുഴുവൻ ഹെഡ്മാസ്റ്റർമാരുടെയും സ്റ്റാഫ് സെക്രട്ടറിമാരുടെയും ഒരു Zoom Conference വിളിച്ചുകൂട്ടി മീറ്റിങ്ങിൽ സമാഗതമാകുന്ന ക്രിസ്തുമസിന്റെ ആശംസകളും സന്ദേശങ്ങളും നല്കിയതോടൊപ്പം വിശ്വാസ പരിശീലന മേഖലയിലെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

## സഭാ വാർത്തകൾ

സഭയെകുറിച്ച് കൂടുതൽ അറിയുവാനും അറിഞ്ഞു സഭയെ സ്നേഹിക്കുവാനും സഭയോട് ചേർന്ന് നിൽക്കുവാനും കുട്ടികൾക്ക് പ്രചോദനം നൽകുവാൻ നവംബർ, ഡിസംബർ മാസങ്ങളിൽ എല്ലാ ഞായറാഴ്ചകളിലും കുട്ടികൾ ഓൺലൈൻ യൂട്യൂബ് ചാനലിലൂടെ സഭാവാർത്തകൾ അവതരിപ്പിച്ചു.

## വിശുദ്ധരെ അറിയാം

സുവിശേഷം ജീവിച്ചവരാണ് വിശുദ്ധർ.സമരസഭയിൽ വിജയം വരിച്ച വിശുദ്ധരെ അനുകരിക്കുവാൻ, അവരുടെ മാതൃക സ്വീകരിക്കുവാൻ നവംബർ, ഡിസംബർ മാസത്തിലെ എല്ലാ ഞായറാഴ്ചകളിലും കുട്ടികൾ വിശുദ്ധരെ കുറിച്ച് പ്രസംഗിച്ച് വിശുദ്ധ ജീവിതത്തിനു കുട്ടികൾക്ക് പ്രേരണ നൽകി.

## മേഖല സമിതിയുടെ ഗൂഗിൾ മീറ്റ്

2021 ജനുവരി 26 നു നടക്കുന്ന HCC I,HCC-II പരീക്ഷകളുടെ നടത്തിപ്പിനെ കുറിച്ച് തീരുമാനങ്ങൾ എടുക്കുന്നതിനു മേഖല ഡയറക്ടർമാരുടെയും മേഖലയിലുള്ള ഹെഡ്മാസ്റ്റർമാരുടെയും ഗൂഗിൾ മീറ്റുകൾ 11 മേഖലകളിൽ നടത്തി തീരുമാനങ്ങൾ എടുത്തു.

കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ 2021 ജനുവരി 26 ന് നടക്കുന്ന HCC-I & HCC-II പരീക്ഷ നടത്തിപ്പിനെക്കുറിച്ചുള്ള പൊതുനിർദ്ദേശങ്ങൾ

- 2021 ജനുവരി 26 ഉച്ചക്ക് ശേഷം 2 pm ആയിരിക്കും പരീക്ഷ സമയം
- കോവിഡിന്റെ ഈ സാഹചര്യത്തിൽ ഇടവക കേന്ദ്രീകരിച്ചായിരിക്കും പരീക്ഷകൾ നടക്കുന്നത്.

- ഓരോ മേഖലക്കുമുള്ള ചോദ്യപേപ്പറുകൾ, hall ticket, score sheet, students lists, എന്നിവ 2021 ജനുവരി 23 ശനി മേഖല പ്രസിഡന്റ് രൂപതയിൽനിന്ന് കൊണ്ടുപോകേണ്ടതാണ്.
- 2021 ജനുവരി 24 ഞായർ ഓരോ ഇടവകയിലെയും ഹെഡ്മാസ്റ്റർമാർ മേഖലയിൽനിന്ന് പരീക്ഷസാമഗ്രഹികൾ (ചോദ്യപേപ്പറുകൾ, hall ticket, score sheet , students list, നിർദ്ദേശങ്ങൾ) എന്നിവ വാങ്ങി ഇടവക വികാരി അച്ചനെ ഏല്പിക്കേണ്ടതാണ്.
- പരീക്ഷഫലം 2021 ഫെബ്രുവരി 13 ശനി പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും.
- രോഗം മൂലമോ മറ്റേതെങ്കിലും ഗൗരവമായ കാരണങ്ങളാലോ 26 നു പരീക്ഷ എഴുതാൻ സാധിക്കാത്ത കുട്ടികൾക്ക് 2021 ഫെബ്രുവരി 21ന് നടക്കുന്ന സെ പരീക്ഷയുടെ ദിവസം പരീക്ഷ എഴുതാവുന്നതാണ്.
- സെ പരീക്ഷ 2021 ഫെബ്രുവരി 21 ഞായർ ആയിരിക്കും
- സെ പരീക്ഷക്ക് മേഖല തലത്തിൽ ഒരു സെന്റർ മാത്രമേ ഉണ്ടായിരിക്കുകയുള്ളു. മേഖല ഭാരവാഹികളാണ് നേതൃത്വം നൽകേണ്ടത്.
- HCC റീ വാല്യൂവേഷൻ സ്വീകരിക്കുന്ന അവസാന തിയതി 2021 ഫെബ്രുവരി 28 ഞായർ ആയിരിക്കും

**ഇടവക തലത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

- കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് പരീക്ഷ എഴുതാൻ ഉള്ള എല്ലാ ക്രമീകരണങ്ങളും ഇടവകതലത്തിൽ ചെയ്യേണ്ടതാണ്.
- ബഹു. വികാരി അച്ചന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് ഓരോ ഇടവകയിലെയും ഹെഡ്മാസ്റ്റർമാർ അധ്യാപകരുടെ സഹായത്തോടെ പരീക്ഷക്കുള്ള എല്ലാ ക്രമീകരണങ്ങളും ചെയ്യുക.
- പരീക്ഷയ്ക്ക് മുൻപ് HCC-I, HCC-II പരീക്ഷയെഴുതുന്ന മുഴുവൻ കുട്ടികളെയും ഇടവക തലത്തിൽ വിളിച്ചുകൂട്ടി പൊതു നിർദ്ദേശങ്ങൾ നൽകുന്നത് ഉചിതമാണ്.
- പരീക്ഷ എഴുതാനുള്ള ഉത്തരകടലാസ് ഓരോ ഇടവകയിലും ക്രമീകരിക്കേണ്ടതാണ്
- പരീക്ഷയുടെ നിരീക്ഷകനായി (Invigilator-) ഒരാളെ രൂപതയിൽ നിന്ന് ക്രമീകരിക്കുന്നതാണ്. നിരീക്ഷകൻ പരീക്ഷ നടക്കുന്നതിന് അരമണിക്കൂർ മുൻപ് പരീക്ഷ കേന്ദ്രത്തിൽ എത്തിചേരുന്നതായിരിക്കും
- മേഖലയിൽ നിരീക്ഷകരായി നിയമിക്കപ്പെട്ടിരിക്കുന്ന അധ്യാപകരുടെ മുഴുവൻ ഉത്തരവാദിത്തം മേഖല പ്രസിഡന്റിനായിരിക്കും .അവരുടെ ഇടവകയിലെ സാന്നിധ്യം പ്രസിഡന്റ് ഉറപ്പുവരുത്തണം
- ചോദ്യപേപ്പർ നിരീക്ഷകരായി (Invigilator) വരുന്ന ആളുടെ സാന്നിധ്യത്തിൽ തുറക്കേണ്ടതാണ്.

- പരീക്ഷക്ക് കുട്ടികളെ ഹാൾ ടിക്കറ്റിന്റെ നമ്പർ അടിസ്ഥാനത്തിൽ ഇരുത്തുന്നതിനു ശ്രദ്ധിക്കുക.
- Invigilator കുട്ടികളുടെ ഹാൾ ടിക്കറ്റ് പരിശോധിക്കുകയും, നൽകിയിരിക്കുന്ന, students ലിസ്റ്റിൽ രജിസ്റ്റർ നമ്പറിന് നേരെ sign ചെയ്യിക്കേണ്ടതുമാണ് .
- പരീക്ഷക്ക് ശേഷം +1 & +2 ഉത്തരക്കടലാസുകൾ നമ്പർ ക്രമത്തിൽ വേർതിരിച്ചു പാക്ക് ചെയ്യേണ്ടതാണ്
- പരീക്ഷ കഴിഞ്ഞ അന്നോ 2021 ജനുവരി 27 (അടുത്തദിവസം)10 മണിക്ക് മുമ്പോ ഓരോ ഇടവകയിലെയും ഹെഡ്മാസ്റ്റർമാർ ഉത്തരകടലാസുകൾ കവറിലാക്കി ഇടവകയുടെ പേരും, ക്ലാസും, പരീക്ഷ എഴുതിയ കുട്ടികളുടെ നമ്പറും കവറിന്റെ പുറത്ത് എഴുതി സുരക്ഷിതമായി മേഖലകേന്ദ്രത്തിൽ മേഖലഡയറക്ടറെയോ / മേഖല പ്രസിഡന്റിനെയോ ഏല്പിക്കേണ്ടതാണ്.
- പരീക്ഷ ഹാളിൽ മൊബൈൽ ഫോണുകൾ ഉപയോഗിക്കാൻ പാടില്ല HCC-I, HCCII മേഖലതല ഉത്തരപേപ്പർ മൂല്യനിർണ്ണയം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ
- 2021 ജനുവരി 30 ശനി രാവിലെ 9:30 to 12:30 ആയിരിക്കും മേഖലാതല മൂല്യ നിർണ്ണയം നടത്തേണ്ടത്.
- മേഖലയിലുള്ള എല്ലാ HCC-I , HCC-II അധ്യാപകരും മൂല്യനിർണ്ണയത്തിന് സഹായിക്കണം.
- മേഖല കേന്ദ്രത്തിൽ (ഫൊറോനാ പള്ളിയിൽ) വെച്ചായിരിക്കും മൂല്യനിർണ്ണയം നടക്കുന്നത്.
- ബഹു. മേഖലഡയറക്ടറുടെ നിർദ്ദേശങ്ങൾ അനുസരിച്ചു മേഖല പ്രസിഡന്റും, സെക്രട്ടറിയും മൂല്യ നിർണ്ണയത്തിനുള്ള എല്ലാ ക്രമീകരണങ്ങളും നടത്തേണ്ടതാണ്.
- മൂല്യനിർണ്ണയത്തിന് വരുന്ന അധ്യാപകർ അതാത് ക്ലാസ്സിലെ പാഠപുസ്തകങ്ങളും, ബൈബിളും കൊണ്ടുവരേണ്ടതാണ്.
- മൂല്യ നിർണയത്തിന് ആവശ്യത്തിന് അദ്ധ്യാപകർ ഇല്ലാത്ത സാഹചര്യത്തിൽ മേഖല ഡയറക്ടറുടെ നിർദേശമനുസരിച്ചു മേഖല പ്രസിഡന്റിന് HCC അധ്യാപകരെയോ മറ്റുക്ലാസ്സുകളിലെ അധ്യാപകരെയോ ക്രമികരിക്കാവുന്നതാണ് .
- ഇംഗ്ലീഷിലുള്ള ഉത്തര പേപ്പറുകളുടെ മൂല്യനിർണയം നടത്താൻ മേഖലാ ഭാരവാഹികൾ അധ്യാപകരെ ക്രമീകരിക്കേണ്ടതാണ്.
- മൂല്യനിർണ്ണയം നടത്തിയ ശേഷം ഓരോ ഇടവകയുടെയും ഉത്തരപേപ്പറുകൾ ഇടവക അടിസ്ഥാനത്തിൽ തന്നെ പാക്ക് ചെയ്യാൻ മേഖല പ്രസിഡന്റും, സെക്രട്ടറിയും ശ്രദ്ധിക്കേണ്ടതാണ്.

- score sheet ൽ മൂല്യനിർണ്ണയം നടത്തിയ അധ്യാപകന്റെ പേരും, ഒപ്പും, ഫോൺ നമ്പറും രേഖപ്പെടുത്തേണ്ടതാണ്.
- മൂല്യനിർണ്ണയം നടത്തിയ ശേഷം ഉത്തര പേപ്പറുകളും, സ്കോർ ഷീറ്റും, ഇടവക തിരിച്ചു പാക്ക് ചെയ്ത് മേഖല പ്രസിഡന്റ് 2021 ഫെബ്രുവരി 1 തിങ്കൾ രൂപത മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.
- മേഖലാതല മൂല്യനിർണയത്തിന് മേഖലയിൽ ഏറ്റവും കൂടുതൽ മാർക്ക് കിട്ടിയ കുട്ടികളുടെ പേരും വീട്ടുപേരും ഇടവകയും ലഭിച്ച മാർക്കും രേഖപ്പെടുത്തി മതബോധന കേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.
- രൂപതയിൽ തരുമ്പോൾ ഓരോ ഇടവകയിലെയും HCC-I , HCC-II രണ്ടായി പാക്ക് ചെയ്യാനും ഓരോ കവറിന്റെയും പുറത്ത് ഇടവകയുടെ പേര്, ക്ലാസ്സ്, പരീക്ഷ എഴുതിയ കുട്ടികളുടെ നമ്പർ എന്നിവ എഴുതുന്ന കാര്യവും പ്രത്യേകം ഓർമ്മിപ്പിക്കുന്നു.
- മേഖലതിരിച്ചു ഉത്തരപേപ്പറുകളും, മാർക്ക് ലിസ്റ്റും ക്രമീകരിക്കാനുള്ള സൗകര്യത്തിനു ഓരോ ഫൊറോനക്കും ഇടവകതിരിച്ചു HCC-I , HCC-II പരീക്ഷ എഴുതുന്ന കുട്ടികളുടെ നമ്പറുകൾ അടങ്ങിയ students ലിസ്റ്റ് രൂപതയിൽ നിന്ന് നൽകുന്നതാണ്.

**പൊതു നിർദ്ദേശങ്ങൾ**

- ഹോൾ ടിക്കറ്റ് കിട്ടിക്കഴിയുമ്പോൾ എന്തെങ്കിലും തിരുത്തലുകൾ ഉണ്ടെങ്കിൽ മതബോധന കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.
- ഓരോ ഇടവകയിലേക്കും ആവശ്യമായ ഇംഗ്ലീഷ് question പേപ്പറുകളുടെ എണ്ണം എത്രയും പെട്ടെന്ന് രൂപതാ കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.
- പാഠപുസ്തകങ്ങൾ, വിശ്വാസോത്സവ വർക്ക് ബുക്കുകൾ, ഗുരുദക്ഷിണ എന്നിവയുടെ തുക ഡിസംബർ 30 ന് മുൻപ് രൂപതാ കേന്ദ്രത്തിൽ ഏൽപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, മതബോധനം

# ചെറുപുഷ്പ മിഷൻലീഗ്

## ജനുവരിമാസ പ്രോഗ്രാം

| | | |
|---|---|---|
| 1 വെള്ളി | – | പുതുവർഷം |
| 3 ഞായർ | – | വി. ചാവറയച്ചന്റെ തിരുനാൾ |
| 6 ബുധൻ | – | ദനഹാതിരുനാൾ |
| 9 ശനി | – | നൂറുമേനി ക്വിസ് മത്സരം |
| 10 ഞായർ | – | വി. യോഹന്നാൻമാംദനയുടെ തിരുനാൾ |
| 16 ശനി | – | രൂപതാ എക്സിക്യൂട്ടീവ് |
| 20 ബുധൻ | – | വി. സെബസ്ത്യാനോസിന്റെ തിരുനാൾ |
| 23 ശനി | – | നൂറുമേനി ക്വിസ് മത്സരം |
| 24 ഞായർ | – | വി. ഫ്രാൻസിസ് സാലസ് തിരുനാൾ |
| 28 വ്യാഴം | – | വി. തോമസ് അക്വീനാസ് |
| 31 ഞായർ | – | വി. ഡോൺ ബോസ്കോ |

## വളരാൻ വളർത്താൻ

- നവവൈദികർക്ക് ആദരം
- പ്രയർസെൽ ചേർന്ന് പ്രാർത്ഥിക്കുക
- ഈ വർഷത്തേക്ക് വേണ്ടതായ ദിവസക്രമം – പ്രാർത്ഥനയ്ക്കും പഠനത്തിനും മറ്റ് പ്രവർത്തനങ്ങൾക്കുംവേണ്ടി ഒരുക്കുക.

## രൂപതാ എക്സിക്യൂട്ടീവ്

ഡിസംബർ 19 ന് രൂപതാ ഓഫീസിൽ വച്ച് സമ്മേളനവും ക്രിസ്തുമസ് ആഘോഷങ്ങളും നടത്തി.

## ക്രിസ്തുമസ് ഒരുക്കങ്ങൾ

നതാലെ 2020 എന്ന പേര് നല്കി ആരംഭിച്ച ക്രിസ്തുമസ് പരിപാടികൾ – സുകൃതമഞ്ജരി, ഒന്നിടവിട്ട ദിവസങ്ങളിൽ മിഷൻലീഗിന്റെ സ്വന്തം ഗായകർ ആലപിച്ച ഗാനങ്ങൾ, ഓരോ മേഖലകളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട ഒരാളുടെ സന്ദേശം, കരോൾഗാന മത്സരം, വിയ ബെത്ലേമെ സൂം മീറ്റിംഗ്.

**നൂറുമേനി സമ്മാനർഹർ**

എപ്പിസോഡ് 2 – I – എയ്ഞ്ചൽ റോസ് കുളത്തിങ്കൽ, തേക്കുംകുറ്റി
– II – അഞ്ജു രാജു പ്ലാമൂട്ടിൽ, കൂമംകുളം
– III – അഭിജിത്ത് മാത്യു മാണിക്കത്താഴെ, ദേവഗിരി

എപ്പിസോഡ് 3 – I – സൂസന്ന സാബു കാഞ്ഞിരത്തിങ്കൽ, ഈസ്റ്റ്ഹിൽ
II – റോസ്‌ലിൻ കുറ്റിക്കാടൻ, അശോകപുരം
III – ആൻഫ്ളവർ വെള്ളാപ്പള്ളിൽ, കോടഞ്ചേരി

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, മിഷൻലീഗ്

# തിരുബാലസഖ്യം

**2021 ജനുവരി – വി. സെബസ്ത്യാനോസിന് പ്രതിഷ്ഠിതം**

പരിചയപ്പെടുന്ന വിശുദ്ധൻ – വി. ഡോൺ ബോസ്കോ
പ്രാർത്ഥനാനിയോഗം – നവ വൈദികർക്കുവേണ്ടി
സുകൃതജപം – ദൈവമേ അങ്ങേ സ്നേഹത്താൽ എന്നെ നിറയ്ക്കണമെ.

| | | |
|---|---|---|
| വചനം | – | പുതിയ സൃഷ്ടിയാവുകയാണ് പരമപ്രധാനം (ഗലാ. 6:16) |
| 1 വെള്ളി | – | പുതുവർഷാരംഭം, വി. കുർബാനയിൽ പങ്കെടുക്കുന്നു |
| 3 ഞായർ | – | സുവിശേഷം (വി. ലൂക്കാ 4:16–22) |
| | | ലേഖനം (2 തിമോ. 3:10–15) |
| | | വി. ചാവറപിതാവിന്റെ തിരുനാൾ |
| 6 ബുധൻ | – | ദനഹാതിരുനാൾ, വി. കുർബാനയിൽ പങ്കെടുക്കുന്നു |
| 10 ഞായർ | – | സുവിശേഷം (വി. യോഹ. 1:4–18) |
| | | ലേഖനം (ഹെബ്രാ. 3:1–10) |
| 17 ഞായർ | – | സുവിശേഷം (വി. യോഹ. 1:23–37) |
| | | ലേഖനം (ഹെബ്രാ. 4:1–10) |
| 20 ബുധൻ | – | വി. സെബസ്ത്യാനോസിന്റെ തിരുനാൾ |

24 ഞായർ – സുവിശേഷം (വി. യോഹ. 2:1-11)
ലേഖനം (ഹെബ്രാ. 7:23-28)

31 ഞായർ – വി. ഡോൺ ബോസ്കോയുടെ തിരുനാൾ
സുവിശേഷം (വി. യോഹ. 3:14-21)
ലേഖനം (ഹെബ്രാ. 6:9-15)

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, തിരുബാലസഖ്യം

# കെ.സി.വൈ.എം.

## Candy Cane Christmas Celebration

കെ.സി.വൈ.എം. താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ ഈ വർഷത്തെ ക്രിസ്മസ് ആത്മീയമായും ഭൗതികമായും പുതിയ ഒരു അനുഭവമാക്കി മാറ്റുവാൻ ഡിസംബർ 1 മുതൽ കാൻഡി കെയിൻ എന്ന പേരിൽ ഓൺലൈൻ ക്രിസ്മസ് സെലിബ്രേഷൻസ് ആരംഭിച്ചു. വ്യത്യസ്തവും ആകർഷകവുമായ ഏഴ് പ്രോഗ്രാമുകൾ ഒരുക്കി.

### 1. Christmas daily challenges season 2020

കഴിഞ്ഞവർഷം വിജയകരമായി പൂർത്തീകരിച്ച ക്രിസ്മസ് ഡെയിലി ചലഞ്ചുകൾ ഇത്തവണയും 'ക്രിസ്മസ് ഡെയിലി ചലഞ്ച് സീസൺ 2' എന്ന പേരിൽ ഒന്നിടവിട്ട ദിവസങ്ങളിലായി 12 ചലഞ്ചുകൾ നൽകി ഓരോ ദിവസവും വിജയികളെ തെരഞ്ഞെടുക്കുകയും ആകർഷകമായ സമ്മാനങ്ങൾ നൽകുകയും ചെയ്തു.

### 2. പ്രാർത്ഥനായജ്ഞം

ഉണ്ണീശോയുടെ പിറവിക്ക് ഒരുക്കമായി കെ.സി.വൈ.എം. സ്പിരിചൽ ടീമിന്റെ നേതൃത്വത്തിൽ ആഗോള കത്തോലിക്കാ സഭയ്ക്ക് വേണ്ടി ഓരോ ദിവസവും നിയോഗം വച്ച് എല്ലാ രൂപതകൾക്ക് വേണ്ടിയും മേലാധിക ാരികൾക്ക് വേണ്ടിയും യുവജനങ്ങൾക്ക് വേണ്ടിയും പ്രാർത്ഥനായജ്ഞം നടത്തി.

### 3. പിറവി സന്ദേശങ്ങൾ

കെ.സി.വൈ.എം ഒഫീഷ്യൽ യൂട്യൂബ് ചാനൽ ആയ യുവദർശനിലൂടെ യുവജനങ്ങൾക്കായി വൈദീകർ ക്രിസ്മസ് സന്ദേശങ്ങൾ നൽകി.

### 4. ഉണ്ണീശോയ്ക്കൊരു വീട്

ഈ ക്രിസ്മസ് നോമ്പുകാലം പങ്കുവയ്ക്കലിന്റെ അനുഭവത്തിലേക്ക് യുവജനങ്ങളെ നയിക്കുക എന്ന ലക്ഷ്യത്തോടെ ആത്മപരിത്യാഗങ്ങളിലൂടെ മാറ്റിവയ്ക്കുന്ന തുക തിരഞ്ഞെടുക്കപ്പെട്ട ഒരു വ്യക്തിയുടെ ഭവന നിർമ്മാണത്തിനായി സ്വരൂപിച്ചുകൊണ്ടിരിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ സഹകരണം അഭ്യർത്ഥിക്കുന്നു.

### 5. പോർട്ടബിൾ ക്രിബ് കോമ്പറ്റീഷൻ

12 വ്യത്യസ്തമായ ടാർഗെറ്റുകൾ നൽകി പ്രകൃതിദത്തമായ വസ്തുക്കൾ മാത്രം ഉപയോഗിച്ച് നിർമ്മിക്കാൻ നിർദ്ദേശിച്ച പോർട്ടബിൾ ക്രിബ് / മൂവിംഗ് ക്രിബ് കോമ്പറ്റീഷനിൽ നിരവധി പേർ പങ്കെടുത്തു. ഒന്നിടവിട്ട ദിവസങ്ങളിൽ നൽകുന്ന ടാർജറ്റ് പൂർത്തിയാക്കിക്കൊണ്ട് ഡിസംബർ 25 കൂടെ നിരവധി പേർ പുൽക്കൂട് പൂർത്തിയാക്കി വിധി നിർണയത്തിനായി സമർപ്പിച്ചു.

### 6. BGM – കരോൾഗാന മത്സരം

ബത്‌ലേഹം ഗീതങ്ങൾ എന്ന പേരിൽ യുവജനങ്ങൾക്കായി സ്വന്തമായി രചിച്ച് ഈണം നൽകിയ ക്രിസ്മസ് ഗാനമത്സരം നടത്തപ്പെട്ടു.

### 7. ക്രിസ്മസ് വൈ ടോക്സ്

'Y talks' എന്ന പേരിൽ യുവജനങ്ങൾ ക്രിസ്മസ് ചിന്തകളുമായി ഒരു മിനിറ്റ് വീഡിയോ സന്ദേശവുമായി ഡിസംബർ ഒന്നിനും നോമ്പിന്റെ എല്ലാ ഞായറാഴ്ചകളിലും, ഡിസംബർ 25 നും മനുഷ്യഹൃദയങ്ങളിൽ ദൈവീക ചിന്തകൾ നൽകി പ്രചോദിപ്പിച്ചു.

### യൂണിറ്റ് തിരഞ്ഞെടുപ്പ്

കെ.സി.വൈ.എം യൂണിറ്റുകളിലെ തിരഞ്ഞെടുപ്പ് നടന്നുവരുന്നു. ബഹു. വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുകയോ റീ ഇലക്ഷൻ നടത്തുകയോ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

### മേഖലാ സെനറ്റുകൾ

ഡിസംബർ – ജനുവരി മാസങ്ങളിലായി മേഖലാ സെനറ്റുകൾ നടക്കുകയാണ്. യൂണിറ്റ് ഇലക്ഷൻ പൂർത്തിയാക്കിയശേഷം മേഖല സെനറ്റ് സംഘടിപ്പിച്ച് ഭാരവാഹികളെ തിരഞ്ഞെടുക്കണം എന്ന് അഭ്യർത്ഥിക്കുന്നു. ബഹു. മേഖല ഡയറക്ടർമാരും ആനിമേറ്റർമാരും നേതൃത്വം നൽകണമെന്ന് ഓർമ്മിപ്പിക്കുന്നു. ഡിസംബർ 6 ന് വിലങ്ങാട് മേഖലയിലും, 19 ന് മലപ്പുറം മേഖലയിലും, 20 ന് പെരിന്തൽമണ്ണ, താമരശ്ശേരി മേഖലകളിലും വാർഷിക സെനറ്റും ഇലക്ഷനും നടത്തപ്പെട്ടു.

### ശാലോം ടിവിയിൽ കരുണയുടെ ജപമാലയുമായി കെ.സി.വൈ.എം.

ശാലോം ടി.വി.യിൽ എല്ലാ ദിവസവും മൂന്നുമണിക്ക് സംപ്രേക്ഷണം ചെയ്യുന്ന കരുണയുടെ ജപമാല നവംബർ മാസത്തിൽ കെ.സി.വൈ.എം. ന്റെ വിവിധ മേഖലകളുടെയും ഇടവകകളുടെയും നേതൃത്വത്തിൽ ചിത്രീകരിച്ച് സംപ്രേക്ഷണം ചെയ്തു. മലപ്പുറം, തോട്ടുമുക്കം, തിരുവമ്പാടി, താമരശ്ശേരി, വിലങ്ങാട്, മരുതോങ്കര, കൂരാച്ചുണ്ട്, കോടഞ്ചേരി എന്നീ മേഖലകളും രൂപത സമിതി, കൂരാച്ചുണ്ട് ഇടവക ടീം എന്നിവരും ജപമാല ചിത്രീകരണത്തിൽ പങ്കെടുത്തു. നേതൃത്വം നൽകിയ മേഖല ഡയറക്ടർ അച്ചന്മാർക്കും ആനിമേറ്റർമാർക്കും ഭാരവാഹികൾക്കും നന്ദി.

### Candy can Christmas Gathering

അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെയും വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കരയച്ചന്റെയും സാന്നിധ്യത്തിൽ ഡിസംബർ 20-ാം തീയതി ഞായറാഴ്ച കെ.സി.വൈ.എം. പ്രസ്ഥാനത്തിലെ എല്ലാ പ്രവർത്തകരെയും ഡയറക്ടർമാരെയും ആനിമേറ്റർമാരെയും ഭാരവാഹികളെയും ഉൾക്കൊള്ളിച്ചുകൊണ്ട് ക്രിസ്മസ് ഗ്യാതറിംഗ് നടത്തി.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ**
ഡയറക്ടർ, കെ.സി.വൈ.എം

## ലിറ്റർജി കമ്മീഷൻ

### മർഗാനീസ ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ കോഴ്സ്

താമരശ്ശേരി രൂപത മാർ അപ്രേം ലിറ്റർജിക്കൽ അക്കാദമിയുടെ നേതൃത്വത്തിൽ 'മർഗാനീസ' എന്ന പേരിൽ നടത്തുന്ന ആരാധനക്രമത്തെ ക്കുറിച്ചുള്ള ഓൺലൈൻ ക്ലാസുകൾ എല്ലാ മാസവും രണ്ടാമത്തെയും നാലാമത്തെയും ശനിയാഴ്ച നടക്കുന്നു. വൈകിട്ട് 8.30 മുതൽ 9.30 വരെ യാണ് ഈ ക്ലാസുകൾ നടക്കുന്നത്.

സഭാപിതാക്കന്മാരെ കുറിച്ച് ആഴമേറിയ ഗവേഷണ പഠനം നടത്തി യിട്ടുള്ള ഡോ. തോമസ് കുഴുപ്പിലച്ചനാണ് ഡിസംബർ മാസത്തിലെ ക്ലാസ്സു കൾ നയിച്ചത്. വിശുദ്ധ കുർബാനയെകുറിച്ചുള്ള പാശ്ചാത്യ പൗരസ്ത്യ കാഴ്ചപ്പാടുകൾ, സഭാപിതാക്കന്മാർ എന്നീ വിഷയങ്ങളാണ് അച്ചൻ എടുത്തത്. സീറോമലബാർ സഭയിലെ വിവിധ രൂപതകളിൽ നിന്നുള്ള 200 ഓളം പേർ സൂം മീറ്റിലൂടെ ക്ലാസിൽ സംബന്ധിച്ചു.

വിശുദ്ധ കുർബാനയാകുന്ന രഹസ്യത്തെക്കുറിച്ചും സീറോ മലബാർ കുർബാനയുടെ ചരിത്ര ദൈവശാസ്ത്ര വശങ്ങളെക്കുറിച്ചുമുള്ള ആഴത്തി ലുള്ള പഠനം ആണ് ഈ കോഴ്സ് കൊണ്ട് ഉദ്ദേശിക്കുന്നത്. താത്പര്യമുള്ള ആർക്കും ഇതിൽ സംബന്ധിക്കാം.

താത്പര്യമുള്ളവർക്ക് 9446261682 എന്ന വാട്സ്ആപ്പ് നമ്പറിൽ പേര്, വീട്ടുപേര്, ഇടവക, രൂപത, ഇമെയിൽ അഡ്രസ്സ് എന്നിവ രജിസ്റ്റർ ചെയ്യാവുന്നതാണ്. കോഴ്സ് സൗജന്യമാണ്. പങ്കെടുക്കുന്നവർക്ക് സംശയ ങ്ങൾ ചോദിക്കാനുള്ള അവസരവും ഉണ്ടാകുന്നതാണ്.

ഈ ക്ലാസിന് വേണ്ട എല്ലാ സാങ്കേതിക സഹായങ്ങളും ചെയ്തു തരുന്ന പി. എം.ഒ.സി ഡയറക്ടർ ഡോ. ജോസഫ് കളരിക്കൽ, ഡോ. കുര്യൻ പുരമഠത്തിൽ, റിജോ കൂത്രപ്പള്ളി, ജോബി തെക്കേക്കര എന്നിവർക്ക് പ്രത്യേകം നന്ദി പറയുന്നു.

## സുറിയാനി ഭാഷാ പൈതൃക പഠന ക്ലാസ് ആരംഭിച്ചു

താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിലുള്ള മാർ കരിയാറ്റിൽ സുറിയാനി അക്കാദമിയുടെ സുറിയാനി ഭാഷാ പൈതൃക പഠന ക്ലാസ്സ് ആരംഭിച്ചു. താമരശേരി രൂപതാധ്യക്ഷൻ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ ആമുഖ പ്രഭാഷണം നടത്തി. പാരമ്പര്യങ്ങളിൽ അടിയു റച്ചു നിന്ന് മൂല്യങ്ങളിൽ അധിഷ്ഠിതമായി ജീവിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു. ആരാധനാ ഭാഷയുടെ പ്രസക്തി ചൂണ്ടിക്കാണിച്ച അദ്ദേഹം പ്രാദേശിക ഭാഷകളെ പ്രോത്സാഹിപ്പിച്ച രണ്ടാം വത്തിക്കാൻ കൗൺസിൽ ആരാധനാ ഭാഷയുടെ പ്രാധാന്യവും എടുത്തു കാണിച്ചിട്ടുണ്ടെന്ന് ഓർമി പ്പിച്ചു.

ഇക്കഴിഞ്ഞ സെപ്റ്റംബർ 22നാണ് സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് കർദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി മാർ കരിയാറ്റിൽ സുറിയാനി അക്കാദമി ഉദ്ഘാടനം ചെയ്തത്. വൈദികർക്കായുള്ള ക്ലാസിന് ശേഷമുള്ള രണ്ടാംഘട്ട ക്ലാസ്സിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള 118 പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. സുറിയാനി സഭാപിതാക്കന്മാരെ ക്കുറിച്ചുള്ള പഠനത്തിൽ പാരീസ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് നേടിയ ഡോ. മാത്യു കുളത്തിങ്കലാണ് ക്ലാസ് നയിക്കുന്നത്. എല്ലാ ഞായറാഴ്ചയും ഉച്ചകഴിഞ്ഞ് 3 മണി മുതൽ 4 മണി വരെ ഗൂഗിൾ മീറ്റി ലൂടെയാണ് ക്ലാസ് നടത്തുന്നത്. ക്ലാസിൽ പങ്കെടുക്കാൻ താൽപര്യമുള്ള വർക്ക് 8281346179 എന്ന ഫോൺ നമ്പറിൽ പേര്,വീട്ടുപേര്, ഇടവക, രൂപത എന്നിവ രജിസ്റ്റർ ചെയ്യാവുന്നതാണ്.

## ഫീദെസ് ഫാമിലി ക്വിസ് മത്സരം2019 സമ്മാനങ്ങൾ വിതരണം ചെയ്തു

താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷൻ സംഘടിപ്പിച്ച ഫീദെസ് ഫാമിലി

ക്വിസ് മത്സരം 2019 ന്റെ സമ്മാനങ്ങൾ വിതരണം ചെയ്തു. താമരശ്ശേരി രൂപതാധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ആണ് സമ്മാനങ്ങൾ വിതരണം ചെയ്തത്. താമരശ്ശേരി രൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി തെരഞ്ഞെടുക്കപ്പെട്ട 62 കുടുംബങ്ങൾ പങ്കെടുത്ത ഈ ക്വിസ് മത്സരത്തിൽ ഒന്നാം സമ്മാനം ജോമോൻ, സോനു പാഴിയാങ്കൽ കുടുംബവും (തേക്കുംകുറ്റി ഇടവക) രണ്ടാം സമ്മാനം ഷൈനി, ജേക്കബ് താമരക്കാട്ട് കുടുംബവും (തിരുവമ്പാടി ഇടവക) മൂന്നാം സമ്മാനം സജി, മിനി, ആർദ്ര മെഴുകനാൽ കുടുംബവും (പുതുപ്പാടി ഇടവക) കരസ്ഥ മാക്കി. 25000 രൂപ (പാലാഴി ജൈവ കാലിത്തീറ്റ, ഈങ്ങാപ്പുഴ), 15000 രൂപ (കെം ഫാർമ, മഞ്ചേരി) 10000 രൂപ (ഫാറ്റിമ ഡ്രഗ് ലൈൻസ്, മഞ്ചേരി) എന്നിവയാണ് യഥാക്രമം സമ്മാനാർഹർക്ക് ലഭിച്ചത്.

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

# മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

## പ്രോ-ലൈഫ് അടുക്കളത്തോട്ട മത്സരം

പ്രോ-ലൈഫിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 'ജീവസമൃദ്ധി' അടുക്കളത്തോട്ട മത്സരത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവ്വഹിച്ചു. ഇരുന്നൂറിനടുത്ത് വ്യക്തികൾ മത്സരത്തിന് പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് സംഘാടകർ അറിയിച്ചു. മത്സരത്തിന്റെ മൂല്യനിർണ്ണയം ഫെബ്രുവരി 15 ന് നടത്തും. അതിനുമുമ്പായി പ്രോ-ലൈഫ് ഭാരവാഹികൾ ഓരോ തോട്ടവും വന്ന് സന്ദർ ശിക്കുന്നതായിരിക്കും. ഫെബ്രുവരി 15 ന് ശേഷം ഫലപ്രഖ്യാപനം നടത്തു ന്നതായിരിക്കും. മത്സരത്തെ സംബന്ധിച്ച് എന്തെങ്കിലും സംശയമുണ്ടെ ങ്കിൽ ഡയറക്ടറച്ചനെയോ 9745568366 എന്ന നമ്പറിലോ വിളിക്കേണ്ടതാണ്.

## പ്രോ-ലൈഫ് ജീവനസുരക്ഷ സർട്ടിഫിക്കറ്റ്

പ്രോ-ലൈഫ് ജീവനസുരക്ഷ സർട്ടിഫിക്കറ്റ് പ്രോ-ലൈഫ് ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ്. 2014 ന് ശേഷം ജനിച്ച നാലാ മതുമുതലുള്ള കുഞ്ഞുങ്ങളുടെ പേരിൽ 6000 രൂപ സ്ഥിരനിക്ഷേപം നടത്തിയതിന്റെ സർട്ടിഫിക്കറ്റ് ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ്. കൊറോണയുടെ സാഹചര്യത്തിൽ തിരക്കൊഴിവാക്കാൻ ഫൊറോന തലത്തിലായിരിക്കും ആളുകളോട് വരാൻ ആവശ്യപ്പെടുക. കൂടുതൽ വിവരങ്ങൾ 82898638 എന്ന നമ്പറിലേക്ക് വിളിക്കുക.

### കർഷക സമരത്തിന് പിൻതുണ

കേന്ദ്രസർക്കാരിന്റെ കർഷക ദ്രോഹ നയങ്ങൾക്കെതിരെ ഡൽഹി യിൽ നടക്കുന്ന കർഷക സമരത്തിന് കോഴിക്കോട് മേഖല ഇൻഫാം പിൻ തുണ അറിയിച്ചു. കുന്ദമംഗലത്ത് ചേർന്ന ഇൻഫാമിന്റെ ഭാരവാഹികളുടെ സമ്മേളനം ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ശ്രീ. ജോസ് കാരിയാങ്കൽ അദ്ധ്യക്ഷനായിരുന്നു. സെക്രട്ടറി ജോർജ്ജ് മിടത്താനിക്കൽ, ബേബി പെരുമാലിൽ, കേളപ്പൻ മാസ്റ്റർ, സണ്ണി കൊടുകപ്പള്ളിൽ, മുഹമ്മദ് മുൻഷി തുടങ്ങിയവർ പങ്കെടുത്തു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ–ലൈഫ് & ഇൻഫാം

## മാതൃവേദി

### മാതൃവേദിയെ അറിയാം, സ്നേഹിക്കാം

സീറോ മലബാർ മാതൃവേദിയുടെ നിയമാവലി, സംഘടനാതല സംവിധാനം, പ്രവർത്തനമേഖല എന്നിവയെക്കുറിച്ച് അവബോധം നൽകുന്നതിനായി വെബിനാർ സംഘടിപ്പിച്ചു. ഇന്റർനാഷണൽ പ്രസിഡന്റ് ഡോക്ടർ കെ. വി. റീത്താമ്മയാണ് സെമിനാർ നയിച്ചത്. രൂപതാ ഡയറക്ടർ, ആനിമേറ്റർ സിസ്റ്റർ ഫിലോ SABS, പ്രസിഡന്റ് ദീപ റെജി ഇന്റർനാഷണൽ സെനറ്റ് മെമ്പർ ട്രീസ സെബാസ്റ്റ്യൻ എന്നിവർ യോഗത്തിൽ സംസാരിച്ചു. മേഖല, ഇടവക, ആനിമേറ്റഴ്സ്, ഭാരവാഹികൾ എന്നിവരാണ് പങ്കെടുത്തത്.

### അലേഗ്ര 2020

അമ്മമാർക്കായി ക്രിസ്തുമസ് കരോൾ ഗാന മത്സരം അലേഗ്ര 2020 സംഘടിപ്പിച്ചു. മേഖലയിൽ ഒന്നാം സ്ഥാനം നേടുന്ന കരോൾ ഗാനങ്ങൾ രൂപതാതല മത്സരത്തിനായി എത്തിക്കഴിഞ്ഞിരിക്കുന്നു.

### നല്ല ഇടയൻ

ഇന്റർനാഷണൽ മാതൃവേദിയുടെ നേതൃത്വത്തിൽ നടത്തുന്ന ഇരുപത്തിമൂന്നാം സങ്കീർത്തനം, ഉണ്ണീശോയ്ക്കൊരു സമ്മാനം മത്സരത്തിലേക്ക് താമരശ്ശേരി രൂപതയിലെ എല്ലാ മേഖലകളിൽ നിന്നും വീഡിയോകൾ ലഭിച്ചിട്ടുണ്ട്.

## തദ്ദേശ തിരഞ്ഞെടുപ്പിലെ വനിതാ പങ്കാളിത്തം

താമരശ്ശേരി രൂപതയിലെ 95 അമ്മമാരാണ് വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ മത്സരിച്ചത്. ഇതിൽ 54 പേർ വിജയിച്ചു. മത്സരാർത്ഥികൾക്കും അതുപോലെ തന്നെ വിജയിച്ച മെമ്പർമാർക്കും സീറോ മലബാർ മാതൃവേദിയുടെ പ്രത്യേകമായ പിന്തുണയും ആശംസകളും അറിയിച്ചു.

ക്രിസ്മസ് ഒരുക്കമായി വിവിധ ഇടവകകളുടെയും മേഖലകളുടെയും നേതൃത്വത്തിൽ സമ്പൂർണ്ണ ബൈബിൾ പാരായണവും ജപമാലയും നടത്തി. യൂണിറ്റുകളിൽ ക്രിസ്മസ് ആഘോഷത്തിന് ഭാഗമായുള്ള എക്സിക്യൂട്ടീവ് മീറ്റിങ്ങുകൾ സംഘടിപ്പിച്ചു. വിവിധ തലത്തിലുള്ള കർമ്മപദ്ധതികൾ ഓരോ യൂണീറ്റുകളും ഏറ്റെടുത്തു നടത്തി വരുന്നു.

## പാറോപ്പടി മേഖല

പാറോപ്പടി മേഖലയുടെ നേതൃത്വത്തിൽ ക്രിസ്മസ് കരോൾ ഗാനം മത്സരത്തിന് പുറമേ തിരുവചനം മത്സരവും, ക്രിസ്മസ് സന്ദേശ മത്സരവും നടത്തുന്നുണ്ട്.

## തോട്ടുമുക്കം മേഖല

തോട്ടുമുക്കം മേഖലയുടെ നേതൃത്വത്തിൽ അടുക്കളത്തോട്ട മത്സരം അമ്മമാർക്കായി നടത്തുന്നു. പ്രസിഡന്റ് ചിന്നമ്മ ജോർജ്, ഷാനി സണ്ണി എന്നിവർ നേതൃത്വം നൽകുന്നു.

**ഫാ. ജേക്കബ് കപ്പലുമാക്കൽ**
ഡയറക്ടർ, മാതൃവേദി

KUDUMBAKOOTTAIMA DIOCESE OF THAMARASSERY

# കുടുംബകൂട്ടായ്മ

## കുടുംബ കൂട്ടായ്മ രൂപത ഓഫീസ് ഉദ്ഘാടനം ചെയ്തു

കുടുംബ കൂട്ടായ്മ രൂപത ഓഫീസ് മാർ മങ്കുഴിക്കരി മെമ്മോറിയൽ സെന്ററിൽ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. കുടുംബ കൂട്ടായ്മയുടെ പ്രവർത്തനങ്ങൾ സഭയുടേയും സമൂഹത്തിന്റേയും വളർച്ചക്ക് ഏറെ പ്രയോജന പ്രദമാണെന്ന് പിതാവ് വ്യക്തമാക്കി. കുടുംബ കൂട്ടായ്മയുടെ ഇടയനോടൊപ്പം ഇടവക എന്ന ഓൺലൈൻ കൂട്ടായ്മ ഈ കോവിഡ് കാലത്ത് ബന്ധങ്ങൾ വളരുവാനും ആശയങ്ങൾ പങ്ക് വയ്ക്കുവാനും ഏറെ പ്രയോജനപ്പെടുമെന്നും അദ്ദേഹം പറഞ്ഞു. രൂപത വികാരി ജനറൽ മോൺ. ജോൺ ഒറവുങ്കര, ഫാ. ജോമോൻ പാട്ടശ്ശേരി, രൂപത പ്രസിസന്റ് തോമസ് വലിയപറമ്പൻ, സെക്രട്ടറി, സണ്ണി കൂഴമ്പാല, ട്രഷറർ ജോസ് കുഴുമ്പിൽ എന്നിവർ നേതൃത്വം നൽകി.

### കാരുണ്യ ജീവനം

കുടുംബ കൂട്ടായ്മയുടെ നേതൃത്വത്തിൽ ക്രിസ്മസ് പുതുവർഷ ആഘോഷങ്ങളുടെ ഭാഗമായി ഇടവകകളിൽ പങ്ക് വയ്ക്കലിന്റെ സന്ദേശം പകർന്ന് കാരുണ്യ ജീവനം ക്രിസ്മസ് പ്രോഗാം നടത്തി. അഗതി മന്ദിരങ്ങളിലും ആതുരാലയങ്ങളിലും ഉള്ളവർക്കും അർഹതപ്പെട്ട കുടുംബങ്ങളിലും നിത്യോപയോഗ സാധനങ്ങളും വസ്ത്രങ്ങളും എത്തിച്ചു. പരിപാടിയുടെ രൂപതാതല ഉദ്ഘാടനം തിരുവമ്പാടി സ്നേഹാലയത്തിൽ അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് നടത്തി.

### പുതുപ്പാടിയിൽ ഇടയനോടൊപ്പം ഇടവക

കുടുംബ കൂട്ടായ്മ താമരശ്ശേരി രൂപത കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തുന്ന ഇടയനോടൊപ്പം ഇടവക ഓൺലൈൻ കൂട്ടായ്മ പുതുപ്പാടി ഇടവകയിൽ നടന്നു. കോവിഡ് കാലത്ത് കുടുംബ ബന്ധങ്ങൾ ശക്തിപ്പെടുത്തി യേശുവിന്റെ നാമത്തിൽ സഭാസമൂഹത്തിന് മുന്നേറുവാൻ കഴിയണമെന്ന് കൂട്ടായ്മ ഉദ്ഘാടനം ചെയ്തുകൊണ്ട് അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് സൂചിപ്പിച്ചു. രൂപത ഡയറക്ടർ, അസി. ഡയറക്ടർ ഫാ. സിജോ കോട്ടക്കൽ, പുതുപ്പാടി പള്ളി വികാരി ഫാ. ഷെറിൻ പുത്തൻപുരയ്ക്കൽ, രൂപത പ്രസിഡന്റ് തോമസ് വലിയപറമ്പൻ, സെക്രട്ടറി സണ്ണി കൂഴമ്പാല തുടങ്ങിയവർ പ്രസംഗിച്ചു. 85 കുടുംബങ്ങൾ പങ്കെടുത്ത പരിപാടി പിതാവിന്റെ അനുഗ്രഹീത സംഭാഷണം കൊണ്ടും ഇടവക ജനങ്ങളുടെ സജീവത കൊണ്ടും ഏറെ ശ്രദ്ധേയമായി.

**ഫാ. ജേക്കബ് കപ്പലുമാക്കൽ**
ഡയറക്ടർ, കുടുംബകൂട്ടായ്മ

## കരിസ്മാറ്റിക് മൂവ്മെന്റ്

നവംബർ മാസം മരിച്ച വിശ്വാസികൾക്കുവേണ്ടി ഓരോരുത്തരും അര മണിക്കൂർ വചനം വായിച്ചും, കരുണകൊന്തയും ജപമാലയും ചൊല്ലിയും പ്രാർത്ഥിക്കുകയായിരുന്നു. മാർപാപ്പയുടെ നിയോഗങ്ങൾക്ക് 1 സ്വ. 1 നന്മ. 1 ത്രിത്വ. യും വിശ്വാസപ്രമാണവും ചൊല്ലി ദണ്ഡവിമോചനം നേടി.

22-ാം തീയതി ബഹു. സൈമൺ വള്ളോപ്പിള്ളിയച്ചന്റെ നേതൃത്വ ത്തിൽ കോർഗ്രൂപ്പ് കൂടി ഡിസംബർ മാസത്തേക്കുള്ള കാര്യങ്ങൾ പ്ലാൻ ചെയ്തു. 25ന് സോണൽ സർവ്വീസ് ടീമും 27 ന് സബ്ബ് സോൺ കോർഡി നേറ്റേഴ്സും, മിനിസ്ട്രി കോർഡിനേറ്റേഴ്സും ഒരുമിച്ചുകൂടി സോണിൽ നടക്കുന്നതും, നടത്തേണ്ടതുമായ കാര്യങ്ങൾ വിലയിരുത്തി. ഡിസംബർ 2 ന് തൂവന്നിസ സെൻട്രൽ ടീമിനോടൊത്ത്

സർവ്വീസ് ടീം കൂടി. അന്നു തന്നെ ദമ്പതി സർവ്വീസ് ടീംകൂടി വാർഷിക ഒത്തുചേരൽ ഡിസംബർ 15 ന് തീരുമാനിച്ചു. ഡിസംബർ 3 ന് കെരിഗ്മ മിനിസ്ട്രി സർവ്വീസ് ടീം കൂടി തെരുവോരത്ത് ക്രിസ്തുമസ് കരോൾ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു നടത്താൻ തീരുമാനിച്ചു.

ഡിസംബർ 7 ന് സൂമിലൂടെ കേരള അഡ്വസറി കമ്മിറ്റികൂടി. 4.30 മുതൽ 10.30 വരെ മീറ്റിംഗിന് നേതൃത്വം നൽകി. KCCRST ചെയർമാൻ ജോസഫ് താമരവെളിയച്ചനും കെ.സി.ബി.സി കരിസ്മാറ്റിക് കമ്മീഷൻ ചെയർമാൻ മാർ സാമുവൽ ഐറോനിസ് പിതാവും കാരിസിന്റെ ഏഷ്യ യിൽ നിന്നുള്ള സിറിൾ ജോൺ ഏറ്റവും ഭംഗിയായും ഫലപ്രദവുമായി മീറ്റിംഗ് നടന്നു. പ്രത്യേകമായി നവീകരണം സഭയിൽ എല്ലാവരിലേക്കും എത്തണമെന്നുള്ള മാർപാപ്പയുടെ ആവർത്തിച്ചുള്ള ആഹ്വാനം സിറിൾ ജോൺ പങ്കുവച്ചു. സോണൽ സംവിധാനം രൂപതയുമായി കൂടുതൽ യോജിച്ചു പ്രവർത്തനമാക്കേണ്ടതിന്റെ ചിന്തകൾ ഡോ. എഡ്വേർഡ് എഴേടത്ത് പങ്കുവച്ചു. കോഴിക്കോട്ട് നിന്ന് എല്ലാ പ്രതിനിധികളും തന്നെ പങ്കെ ടുത്തു.

ഡിസംബർ 15 ന് സോണിലെ ദമ്പതികൾ ഒത്തുചേർന്നു. ബഹുമാ നപ്പെട്ട സോണൽ ആനിമേറ്റർ സൈമണച്ചൻ സ്വാഗതവും ആമുഖ പ്രസംഗവും നടത്തി. കുടുംബത്തെക്കുറിച്ച് എൻ.എസ്.ടി മെമ്പർ ഷാജി വൈക്ക ത്തുപറമ്പിൽ ക്ലാസ്സെടുത്തു. താമരശ്ശേരി രൂപതാദ്ധ്യക്ഷൻ ദമ്പതികൾ ക്കുതകുന്ന സന്ദേശം നൽകി. പ്രത്യേകമായി ആഗോള സഭ യൗസേപ്പിതാ വിന്റെ വർഷമായി ആഘോഷിക്കുമ്പോൾ അതിന്റെ പ്രസക്തിയും കുടുംബ ത്തിൽ മാദ്ധ്യസ്ഥവും, ജീവിത മാതൃകകളും വളരെ പ്രധാനപ്പെട്ടതാണെന്ന് ഓർമ്മപ്പെടുത്തി. പ്രത്യേകമായ അനുഗ്രഹത്തിന്റെ മണിക്കൂറായിരുന്നു.

ഡിസംബർ മാസം കൂടുതലായി വചനം മാംസമായി വസിച്ച ഈശോയെ സ്വീകരിക്കാൻ എല്ലാദിവസവും വചനം ധ്യാനിച്ചും മനപാഠമാക്കിയും ജപമാലചൊല്ലിയും ഈശോയ്ക്ക് പിറക്കാൻ ഹൃദയം ഒരുക്കുക യായിരുന്നു.

കൂരാച്ചുണ്ട് സബ്സോൺ 15 ന് രാവിലെ 5 മണി മുതൽ രാത്രി 11 മണിവരെ തുടർച്ചയായി 700 പേർ പങ്കെടുത്തു 4 പ്രാവശ്യം സമ്പൂർണ്ണ ബൈബിൾ വായിച്ചു. നേതൃത്വത്തിന് നന്ദിയും അഭിനന്ദനങ്ങളും.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
സോണൽ ആനിമേറ്റർ

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

**കൗൺസിലിംഗ്**

കോവിഡ് 19 ന്റെ വ്യാപനം നിയന്ത്രണവിധേയമല്ലാത്തതിനാൽ വളരെ അത്യാവശ്യഘട്ടത്തിൽ മാത്രം ഓൺലൈൻ കൗൺസിലിംഗ് നടത്തുന്നു.

**ഡിപ്ലോമ കോഴ്സ് ഓൺലൈൻ (1 വർഷം) (ADCP 2021 ജനുവരി)**

ക്രിസ്ത്യൻ ചെയറിന്റെ കീഴിലുള്ള ഒരു വർഷത്തെ ഓൺലൈൻ ഡിപ്ലോമ, അഡ്വാൻസ്ഡ് ഡിപ്ലോമ, എംഎസ്സി കോഴ്സുകൾ. എല്ലാ കോഴ് സുകളും ഓൺലൈൻവഴി മുടക്കം കൂടാതെ നടക്കുന്നു. മറ്റു ഓൺലൈൻ പ്രോഗ്രാമുകൾ

Enpowerment program – അധ്യാപകർക്ക്. 12 ൽ അധികം അധ്യാ പകർ പങ്കെടുത്തു.

Ongoing training -þ സിസ്റ്റേഴ്സിന്. സിസ്റ്റേഴ്സിനുവേണ്ടിയുള്ള Spycho Spiritual Reneal animation and enpowerment program ൽ SD congregation ലെ 1500 ഓളം സിസ്റ്റേഴ്സ് വിവിധ ഗ്രൂപ്പുകളായി കോഴ്സ് പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നു.

**International Webinar**

APCA (Association of psychological counselors and Animators) ന്റെ നേതൃത്വത്തിൽ ഖജക സംഘടിപ്പിച്ച "Psycho vassine for well" എന്ന വിഷയത്തിൽ നടത്തിയ ഇന്റർനാഷണൽ വെബിനാറിൽ ധാരാളം വിദ്യാർത്ഥികൾ പങ്കെടുത്ത് സർട്ടിഫിക്കറ്റ് കരസ്ഥമാക്കി.

**"Gloria 2020"**

JPI യുടെ ഈ വർഷത്തെ ക്രിസ്മസ് പ്രോഗ്രാം ഡിസംബർ 20–ാം തീയതി രാവിലെ 9.30 മുതൽ 12.30 വരെ ഓൺലൈൻ വഴി നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

എല്ലാവർക്കും ക്രിസ്തുമസ് പുതുവത്സരാശംസകൾ

**ഫാ. കുര്യൻ പുരമഠത്തിൽ**

ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

സ്തോത്രം

## MTC Online Course

ജൂൺ 15 മുതൽ online ആയി ആരംഭിച്ച നമ്മുടെ ഏകവത്സര ഉന്നത വിദ്യാഭ്യാസ പരിശീലനം വിജയകരമായി മുന്നോട്ടു പോകുന്നുണ്ട്. കോവിഡ് 19 കാരണം താമസിച്ചുള്ള പരിശീലനം നടക്കുന്നില്ല എങ്കിലും START Website വഴി ക്ലാസ്സുകളും ഹോംവർക്കുകളും പരീക്ഷകളും നൽകുന്നതോടൊപ്പം ടെലഫോൺ വഴിയും ഗൂഗിൾ മീറ്റ് വഴിയും ആശയ വിനിമയം നടത്താറുണ്ട്. ആവശ്യമായ കരിയർ ഗൈഡൻസും നൽകുന്നുണ്ട്.

## Online Entrance Coaching for Postgraduation (English)

2020 നവംബർ ഒന്നു മുതൽ ആരംഭിച്ച EFLU, JNU, Delhi University, Hyderabad, Pondicherry, CUCET, മറ്റു Central University കൾ എന്നീ യൂണിവേഴ്സിറ്റികളിലേക്ക് P G ഇംഗ്ലീഷ് അഡ്മിഷന് വേണ്ടിയുള്ള Online English Entrance Coaching പ്രതീക്ഷിച്ചതുപോലെ നന്നായി മുൻപോട്ട് പോകുന്നു. ഈ വർഷം ഡിഗ്രി മൂന്നാം വർഷം പഠിക്കുന്നവർക്കും ഡിഗ്രി കഴിഞ്ഞവർക്കുമായാണ് നടത്തപ്പെടുന്നത്.

## Mini Master Online Course

ഓഗസ്റ്റ് ഒന്നുമുതൽ ആരംഭിച്ച മിനിമാസ്റ്റർ e-learning കോഴ്സിന്റെ അഡ്വാൻസ്ഡ് ലെവൽ കോഴ്സ് നവംബർ 15 മുതൽ ആരംഭിച്ചു നന്നായി മുൻപോട്ട് പോകുന്നു. 2021 ജനുവരി 15 വരെയാണ് നടത്താൻ നിശ്ചയിച്ചിരിക്കുന്നത്. ഇംഗ്ലീഷ്, ലോജിക്കൽ റീസണിങ് എന്നീ വിഷയങ്ങളിലാണ് ക്ലാസ്സുകൾ നൽകപ്പെടുന്നത്.

## ഓൺലൈൻ ഇംഗ്ലീഷ് ഗ്രാമർ കോഴ്സ്

2021 ജനുവരി 1 മുതൽ ഏപ്രിൽ 30 വരെ 4 മാസം ദീർഘിക്കുന്ന ഇംഗ്ലീഷ് ഗ്രാമർ ഓൺലൈൻ കോഴ്സിന്റെ രജിസ്ട്രേഷൻ നടപടികൾ പുരോഗമിക്കുന്നു. വിവിധ സ്കൂളുകളിൽ പഠിപ്പിക്കുന്ന അധ്യാപകർ, പ്ലസ് ടു, ഡിഗ്രി, പി. ജി. എന്നിവയ്ക്ക് പഠിക്കുന്നവരും പഠനശേഷം ജോലിക്ക് ശ്രമിക്കുന്നവരുമായ യുവജനങ്ങൾ, പി. എസ്. സി. പോലെയുള്ള വിവിധ മത്സരപരീക്ഷകൾക്ക് ഒരുങ്ങിക്കൊണ്ടിരിക്കുന്നവർ, തങ്ങളുടെ ഇംഗ്ലീഷ് ഭാഷ മെച്ചപ്പെടുത്തണമെന്ന് ആഗ്രഹിക്കുന്ന മറ്റുള്ളവർ എന്നിവർക്ക് വേണ്ടിയാണ് ഈ ക്ലാസ്സുകൾ. ഇംഗ്ലീഷ് ഭാഷ പറയേണ്ടി വരുമ്പോഴും പഠിപ്പിക്കേണ്ടിവരുമ്പോഴും തെറ്റ് വരുമോ എന്ന ഭയം നമ്മിൽ പലർക്കുമുണ്ട്. ഗ്രാമറിന്റെ കുറവുകൊണ്ട് പല മത്സര പരീക്ഷകൾക്കും പരാജയപ്പെടുന്നവരുമുണ്ട്. ഇവർക്കെല്ലാം ഈ ക്ലാസ്സുകൾ ഉപകാരമുള്ളവയാണ്. ഓൺലൈനായി നൽകപ്പെടുന്നുവെങ്കിലും സൗകര്യപ്രദമായ സമയത്തു ക്ലാസ്സുകളിൽ പങ്കെടുക്കാം എന്നുള്ളത് ഈ കോഴ്സിന്റെ പ്രത്യേകതയാണ്. കൂടാതെ എല്ലാ മത്സരപരീക്ഷകൾക്കും നിർബന്ധിത വിഷയമായ ലോജിക്കൽ റീസണിങ് ഈ വിഷയത്തിൽ താല്പര്യമുള്ളവർ

ക്കുവേണ്ടി ഉൾപ്പെടുത്തുന്നുണ്ട്. ഇനിയും പങ്കെടുക്കാൻ താല്പര്യമുള്ളവർ ഉടൻ തന്നെ സ്റ്റാർട്ട് ഓഫീസുമായി ബന്ധപ്പെടുകയോ 8590468035 എന്ന വാട്സ്ആപ്പ് നമ്പറിൽ മെസ്സേജ് അയക്കുകയോ ചെയ്യുക. ഫോൺ നമ്പർ 0495 2357843, e-mail: startindia@gmail.com.

**ഫാ. ആന്റണി കൊഴുവനാൽ**
ഡയറക്ടർ, സ്റ്റാർട്ട്

# മലബാർ ലേബർ മൂവ്മെന്റ്

...യുടെ നേതൃത്വത്തിൽ അസംഘടിതരായ തൊഴിലാളി കൾക്കു വേണ്ടി നിലകൊള്ളുന്ന സംഘടനയാണ് കേരള ലേബർ മൂവ്മെന്റ് (KLM). KLM ന്റെ ക്ഷേമ പദ്ധതികൾ താമരശ്ശേരി രൂപത യിൽ മലബാർ ലേബർ മൂവ്മെന്റ് (MLM) എന്ന പേരിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന ട്രസ്റ്റ് വഴിയാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

കേന്ദ്രഗവൺമെന്റിന്റെ സ്വാവലംബൻ പദ്ധതി, കേരള സർക്കാ റിന്റെ വിവിധ ക്ഷേമ പദ്ധതികൾ, വിദ്യാർത്ഥികൾക്കായുള്ള സ്കോ ളർഷിപ്പ്, മരണമടയുന്ന അംഗങ്ങൾക്കായുള്ള സുരക്ഷ പദ്ധതി, ദേവാലയ ശുശ്രൂഷികൾക്കായുള്ള പ്രൊവിഡൻഡ് ഫണ്ട് തുടങ്ങിയ പദ്ധതികൾ രൂപതയിൽ മലബാർ ലേബർ മൂവ്മെന്റ് വഴി നടപ്പിൽ വരുത്തുന്ന പദ്ധതികളാണ്. നിലവിൽ അംഗങ്ങൾക്ക് ഏറെ ഗുണ പ്രദമായി നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതികളിലേക്ക് പുതി യതായി അംഗങ്ങളെ ചേർക്കുന്നതിനും നിലവിലുള്ളവരുടെ അംഗ ത്വം പുതുക്കുന്നതിനും ഇപ്പോൾ അവസരം ഉണ്ടായിരിക്കുന്നതാണ്. സ്വാവലംബൻ പദ്ധതിയിൽ അംഗങ്ങളായവർ ജനുവരി 20-ാം തിയ്യതിക്കുള്ളിൽ ഈ വർഷത്തെ തുക അടക്കേണ്ടതാണ്.

### സുരക്ഷ പദ്ധതി

കേരള ലേബർ മൂവ്മെന്റ് ഇപ്പോൾ നടപ്പിലാക്കി കൊണ്ടിരി ക്കുന്ന മരണാനന്തര സഹായ നിധിയിലേക്ക് കൂടുതൽ അംഗങ്ങളെ ചേർക്കുവാൻ ആരംഭിച്ചിട്ടുണ്ട്. മരണാനന്തര സഹായനിധിയിലെ അംഗങ്ങൾ മരണമടഞ്ഞ് കഴിയുമ്പോൾ ഉടൻതന്നെ സംസ്കാര ശുശ്രൂഷകൾക്കായി 25,000 രൂപ ചേരുന്ന വ്യക്തിയുടെ നോമിനിക്ക് നല്കുന്ന പദ്ധതിയാണ് ഇത്. ഇതിൽ അംഗമായി

ചേരുന്നവർ ആദ്യ വർഷം 250 രൂപയും തുടർ വർഷങ്ങളിൽ 200 രൂപയുമാണ് വർഷത്തിൽ ഒരു തവണ സംഭാവനയായി നല്കേണ്ടത്. ചേർന്ന് 6 മാസത്തിനു ശേഷം സംഭവിക്കുന്ന സ്വാഭാവിക മരണങ്ങൾക്കാണ് ഈ തുക നല്കുന്നത്. അപകട മരണമാണെങ്കിൽ 6 മാസത്തിനു മുമ്പും ഈ തുക നല്കുന്നതാണ്. 70 വയസ്സു വരെ പ്രായമുള്ള അംഗങ്ങൾക്ക് ഇതിൽ അംഗങ്ങളായി ചേരാവുന്നതാണ്. മരണം വരെ അവർക്ക് തുടർന്ന് അടക്കാവുന്നതാണ്. ഒരു കുടുംബത്തിലെ എത്ര അംഗങ്ങൾ ക്ക് വേണമെങ്കിലും ഈ പദ്ധതിയിൽ അംഗങ്ങളാകാവുന്നതാണ്. അതിനോടൊപ്പം അംഗങ്ങളുടെ 10,11,12 ക്ലാസ്സുകളിൽ പഠിക്കുന്ന ഒരു കുട്ടിക്ക് 90% ത്തിൽ കൂടുതൽ മാർക്കുണ്ടെങ്കിൽ സ്കോളർഷിപ്പ് നല്കുന്നതാണ്.

**ഫാ. ജയ്സൺ കാരക്കുന്നേൽ**
ഡയറക്ടർ, മലബാർ ലേബർ മൂവ്മെന്റ്

# എ.കെ.സി.സി.

## യ[illegible]നം തിരഞ്ഞെടുപ്പുകൾ

[illegible]മിതിയുടെ നേതൃത്വത്തിൽ ഏകദേശം നാല്പതോളം ഇടവകകളിൽ തിരഞ്ഞെടുപ്പിന് മുന്നോടിയായുള്ള യൂണിറ്റ് സന്ദർശനം പൂർത്തിയായി. വിലങ്ങാട്, മരുതോങ്കര, പെരിന്തൽമണ്ണ, തോട്ടുമുക്കം, കോടഞ്ചേരി എന്നീ ഫൊറോനകളിൽ മികച്ച രീതിയിൽ പ്രവർത്തനം നടക്കുന്ന യൂണിറ്റ് ഭാരവാഹികളെ രൂപതാ സമിതി സന്ദർശിച്ച് തിരഞ്ഞെ ടുപ്പ് മാനദണ്ഡങ്ങൾ അറിയിക്കുകയും നിലവിലെ സാമുദായിക പ്രശ്ന ങ്ങളും ചർച്ച ചെയ്ത് തുടർപ്രവർത്തന മാർഗരേഖ രൂപീകരിച്ചു.

### ഇലക്ഷൻ കമ്മീഷനെ തിരഞ്ഞെടുത്തു

യൂണിറ്റ്, ഫൊറോന രൂപത തിരഞ്ഞെടുപ്പുകൾക്കായി മൂന്നംഗ ഇലക്ഷൻ കമ്മീഷനെ നിയമിച്ചു. അഡ്വ. ജിമ്മി ചെറുകാട്ടിൽ, ശ്രീ. കെ.ജെ. ആന്റണി, ഫാ. ജോർജ് വെള്ളയ്ക്കാക്കുടിയിൽ എന്നിവരാണ് കമ്മീഷൻ അംഗങ്ങൾ. രൂപതയിലെ തിരഞ്ഞെടുപ്പ് ക്രമീകരണങ്ങൾ കമ്മീഷന്റെ കീഴിൽ നടത്തപ്പെടുന്നതായിരിക്കും.

### ഹാർട്ട് ലിംഗ്സ് - ഭവനനിർമ്മാണം

1 ഹാർട്ട് ലിംഗ്സ് പദ്ധതിയിലുൾപ്പെടുത്തി മൈലെള്ളാംപാറ ഇടവ കയിൽ നിന്നും ലഭിച്ച അപേക്ഷ പ്രകാരം ഒരു നിർധന കുടുംബത്തിന് ഭവനം നിർമ്മിക്കാനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചു.

2 ഹാർട്ട് ലിംഗ്സ് പദ്ധതിപ്രകാരം വയലിട ഇടവകയിൽ പത്തു കുടും ബങ്ങൾക്ക് ഭവനം നിർമ്മിക്കാനുള്ള സ്ഥലത്തിന്റെ നിയമപരമായ നടപടികൾ പൂർത്തിയാക്കി വരുന്നു.

## എ.കെ.സി.സി ഓഫീസ് ഉദ്ഘാടനവും വെഞ്ചരിപ്പും നടത്തി

മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്ററിൽ നിർമ്മിച്ച എ.കെ.സി.സി. താമരശ്ശേരി രൂപതയുടെ പുതിയ ഓഫീസിന്റെ ഉദ്ഘാടനം വെഞ്ചരിപ്പും രൂപത അധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഡിസംബർ 12 ന് നിർവഹിച്ചു. വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കരയിൽ രൂപതാ പ്രസിഡണ്ട് ശ്രീ. ബേബി പെരുമാലിൽ, വൈസ് പ്രസിഡന്റ് ശ്രീ. ചാക്കോ കാളംപറമ്പിൽ, ട്രഷറർ അനീഷ് വടക്കേൽ, ഗ്ലോബൽ സമിതി അംഗം, ശ്രീ. കെ.ജെ. ആന്റണി, ശ്രീ. ജോർജ് കുബ്ലാ നിയിൽ, ശ്രീ. ജോയി നെല്ലിക്കൽ എന്നിവരും സന്നിഹിതരായിരുന്നു.

## പ്രതിഷേധിച്ചു

1. യേശു മഹനായ പ്രവാചകൻ എന്ന പേരിൽ ചില മുസ്ലീം സംഘടനകൾ നടത്തുന്ന ക്വിസ് മത്സരത്തിന് എതിരെ എ.കെ.സി.സി രൂപതാ സമിതി പ്രതിഷേധമറിയിക്കുകയും പത്ര റിപ്പോർട്ട് നൽകുകയും ചെയ്തു.

2. കോടഞ്ചേരി യൂണിറ്റ് അംഗമായ ഷാജു വണ്ടനാക്കരയെ രാഷ്ട്രീയ വിരോധത്തിന്റെ പേരിൽ ചിലർ മർദ്ദിച്ചതിൽ പ്രതിഷേധം അറിയി ക്കുകയും നേരിൽ കണ്ട് പിന്തുണ അറിയിക്കുകയും ചെയ്തു.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ**
ഡയറക്ടർ, എ.കെ.സി.സി



# വികസനവേദി

## കരോൾ ഫോർ കാൻസർ

കാരിത്താസ് ഇന്ത്യയുടെ ആശാകിരണം കാൻസർ സുരക്ഷായജ്ഞ ത്തിന്റെ ഭാഗമായി, ക്രിസ്തുമസിനോട് അനുബന്ധിച്ചു സി. ഒ.ഡി. യുടെ നേതൃത്വത്തിൽ വിവിധ ഇനം ക്രിസ്തുമസ് പരിപാടികൾ സംഘടിപ്പിച്ചു. 'കരോൾ ഫോർ കാൻസർ ' എന്ന പേരിൽ കരോൾ ഗാന മത്സരം, ഫോട്ടോ ഷൂട്ട് കോമ്പറ്റീഷൻ, മീൽഓഫ് ജോയ്, ഷെയർ ദി ഹാപ്പിനെസ്സ് എന്നിങ്ങനെ വ്യത്യസ്ത പരിപാടികൾ നടത്തി.

## സ്റ്റാഫ് മീറ്റിങ്ങ്

ക്രിസ്തുമസിന് മുന്നോടിയായി ഓഫീസ് സ്റ്റാഫ് അംഗങ്ങളുടെ മീറ്റിങ്ങ് നടത്തുകയും ഓഫീസ് ക്രിസ്തുമസ് ആഘോഷം സംഘടിപ്പിക്കുകയും ചെയ്തു. സി. ഒ. ഡി. ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തി, കെ.എൽ.എം. ഡയറക്ടർ ഫാ. ജെയ്സൺ കാരക്കുന്നേൽ, പ്രോഗ്രാം കോ-ഓർഡിനേറ്റർ ജോയ് കെ. സി. എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. മീറ്റിങ്ങിനു ശേഷം സി. ഒ. ഡി. ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തി സ്റ്റാഫ് അംഗ ങ്ങൾക്ക് കേക്ക് വിതരണം നടത്തുകയും ചെയ്തു.

## ക്രിസ്തുമസ്കേക്ക് വിതരണവും ഭക്ഷണ കിറ്റും

കാരിത്താസ് ഇന്ത്യയുടെ ആശാകിരണം കാൻസർസുരക്ഷാ യജ്ഞ ത്തിന്റെ ഭാഗമായി 125 ഓളം കാൻസർരോഗികൾക്കു ക്രിസ്തുമസ്കേക്കും ഏറ്റവും അർഹതപ്പെട്ട നിർധനരായ രോഗികൾക്കു 1000 രൂപയുടെ ഭക്ഷണ കിറ്റും സി. ഒ. ഡി. യിൽ നിന്ന് വിതരണം ചെയ്തു.

## ജെ.എൽ.ജി. ലോൺ

ബാങ്ക് ഓഫ് ഇന്ത്യയുടെ ലോൺ അടവ് പൂർത്തീകരിച്ച 1070 ഗുണ ഭോക്താക്കൾക്ക് ആർ. ഡി. പലിശ ഇനത്തിൽ മിച്ചം വന്ന തുക വിതരണം ചെയ്തു.

## കാൻസർ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു

കോഴിക്കോട്, മലപ്പുറം ജില്ലയിലെ വിവിധ ജി. വി. എസ്സുകളുടെ നേതൃത്വത്തിൽ കാൻസർ ബോധവൽക്കരണ പരിപാടികൾ നടത്തുകയും, ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ഗ്രോ ബാഗ് വിതരണവും വിത്ത് വിതരണവും നടത്തുകയും ചെയ്തു.

## കാരുണ്യ നിധി

സി. ഒ. ഡി. യുടെ പ്രവർത്തനമേഖലയിൽ ഉള്ള മരണംമൂലവും മാരക രോഗംമൂലവും ദുരിതം അനുഭവിക്കുന്ന നിർധനരായ 6 കുടുംബങ്ങൾക്ക് കാരുണ്യനിധി പദ്ധതി പ്രകാരം സാമ്പത്തിക സഹായം നൽകി.

**ഫാ. ജോർജ്ജ് ചെമ്പരത്തി**
ഡയറക്ടർ, വികസനവേദി





# അജപാലനക്കുറിപ്പുകൾ

ഡിസംബർ 2020

01 – 02 രാവിലെ കെ.സി.ബി.സി. യുടെ ഓൺലൈൻ സമ്മേളനത്തിൽ സംബന്ധിച്ചു

02. ഉച്ചകഴിഞ്ഞ് പെരിന്തൽമണ്ണയിൽ, ഫൊറോനയിലെ വൈദികരുമായി കൂടിക്കാഴ്ച നടത്തി.

03. രാവിലെ കാളികാവിൽ ബഹു. ജോർജ്ജ് ചെമ്പരത്തി അച്ചന്റെ പിതാവ് പരേതനായ അബ്രഹത്തിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

04. ഓൺലൈനായി സംഘടിപ്പിച്ച മലബാർ മേഖലയിലുള്ള അഭി. പിതാക്കന്മാരുടെ യോഗത്തിൽ സംബന്ധിച്ചു.

05. രാവിലെ അൽഫോൻസ മൈനർ സെമിനാരിയിൽ മാസധ്യാനം നയിക്കുകയും വി. കുർബ്ബാന അർപ്പിക്കുകയും ചെയ്തു.

റോമിൽ ഉന്നതപഠനത്തിനുശേഷം തിരിച്ചെത്തിയ ബഹു. സെബാസ്റ്റ്യൻ കവളക്കാട്ടച്ചനെ രൂപതാഭവനിൽ സ്വകരിച്ചു.

വൈകുന്നേരം, ഓൺലൈനായി നടത്തിയ കത്തോലിക്കാ കോൺ ഗ്രസ്സ് വാർഷിക സമ്മേളനത്തിൽ പങ്കെടുത്തു.

06. രാവിലെ നൂറാതോട് ഇടവകയിൽ വി. കുർബ്ബാന അർപ്പിച്ചു.

07. രാവിലെ തിരുവമ്പാടിയിൽ പരേതനായ ജേക്കബ് പുത്തൻപുരയ്ക്ക ലിന്റെ ഭവനം സന്ദർശിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

08. രാവിലെ കൽക്കുണ്ട് ഇടവകയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

കരുവാരക്കുണ്ടിൽ വന്യമൃഗസംരക്ഷണ കേന്ദ്രങ്ങളുടെ അതിർത്തി നിശ്ചയിക്കുന്നതിലെ അപാകതകൾ തുറന്നു കാട്ടുന്നതിനായി ചേർന്ന കർഷകരുടെ യോഗത്തിൽ സംബന്ധിച്ചു.

കരുവാരക്കുണ്ട് ഇടവകയിൽ, കരുവാരക്കുണ്ട് ഫൊറോനയിലെ വൈദികരുമായി കൂടിക്കാഴ്ച നടത്തി.

ഊരകം ഇടവകയിൽ, മലപ്പുറം ഫൊറോനയിലെ വൈദികരെ സന്ദർശിച്ചു

09. കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരിയിൽ സെമിനാരി കമ്മീഷൻ മീറ്റിങ്ങിൽ സംബന്ധിച്ചു.

11. രാവിലെ അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവിനെ രൂപതാ ഭവനിൽ സ്വീകരിച്ചു.

വൈകുന്നേരം മലബാർ മേഖലയിലെ പിതാക്കന്മാരുടെ സാന്നിദ്ധ്യ ത്തിൽ കർഷകരുടെ പ്രശ്നങ്ങളെപ്പറ്റി ചർച്ചചെയ്യുന്നതിന് കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെ പിണറായി കൺവെൻഷൻ സെന്ററിൽ സന്ദർശിച്ചു.

12. രാവിലെ തിരുവാമ്പാടിയിൽ 'സ്പൈസസ് പ്രൊഡ്യൂസേഴ്സ് കമ്പനി'യുടെ പുതിയ ശാഖ ഉദ്ഘാടനം ചെയ്തു.

കോഴിക്കോട് ദീപിക ഓഫീസിൽ വകുപ്പ് മേധാവികളുമായുള്ള ചർച്ച യിൽ പങ്കെടുത്തു.

ഉച്ചകഴിഞ്ഞ് താമരശ്ശേരിയിൽ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി മെമ്മോ റിയൽ പാസ്റ്ററൽ സെന്ററിൽ കത്തോലിക്ക കോൺഗ്രസ്, കുടുംബ കൂട്ടായ്മ എന്നിവയുടെ പുതിയ ഓഫീസുകൾ വെഞ്ചരിച്ചു.

13. രാവിലെ അശോകപുരം ഇടവകയിൽ വി. കുർബ്ബാന അർപ്പിച്ചു.

14. രാവിലെ ദേവഗിരിയിൽ ഫിലിപ്പ് നേരി സന്യാസിനി സമൂഹത്തെ രൂപതാ കോൺഗ്രിഗേഷനായി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നിയമാവലി ക്രോഡീകരണ ചർച്ചകളിൽ പങ്കെടുത്തു.

ഉച്ചയ്ക്ക് താമരശ്ശരി കോരങ്ങാട് സ്കൂളിൽ തദ്ദേശ സ്ഥാപനങ്ങ ളിലേക്കുള്ള തിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തി.

15. മരുതോങ്കരയിൽ വെച്ച് നടന്ന വിലങ്ങാട്, മരുതോങ്കര ഫൊറോനയിലെ വൈദികരുടെ കൂട്ടായ്മയിൽ സംബന്ധിച്ചു.

16. രാവിലെ മേരിക്കുന്ന് കരുണാഭവനിൽ സന്ദർശനം നടത്തി.

പാറോപ്പടി ഇടവകയിൽ, പാറോപ്പടി ഫൊറോനയിലെ വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു.

17. രാവിലെ കണ്ണോത്ത് ഇടവകയിൽ, കോടഞ്ചേരി ഫൊറോനയിലെ വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

വൈകുന്നേരം തിരുവമ്പാടി ഇടവകയിൽ തിരുവമ്പാടി ഫൊറോ നയിലെ വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു.

18. രാവിലെ ചെമ്പനോട ഇടവകയിൽ ബഹു. അഗസ്റ്റിൻ (ഡാന്റീസ്) കിഴക്കരക്കാട്ടച്ചന്റെ സഹോദരൻ പരേതനായ ഷിജോ കിഴക്കരക്കാ ട്ടിന്റെ 41-ാം ചരമദിനത്തോടനുബന്ധിച്ച് വിശുദ്ധ കുർബ്ബാന അർപ്പിച്ചു.

വൈകുന്നേരം താമരശ്ശേരി കത്തീഡ്രലിൽ താമരശ്ശേരി ഫൊറോന യിലെ വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

19. രാവിലെ നിലമ്പൂർ, ചാത്തമുണ്ടയിൽ ലിറ്റിൽ ഫ്ളവർ നോവിഷ്യേറ്റ് ഭവനത്തിൽ ധ്യാനത്തിലായിരിക്കുന്ന താമരശ്ശേരി രൂപതയിലെ മ്ശം ശാനമാരെ സന്ദർശിച്ചു.

വാണിയമ്പലം ഇടവകയിൽ ബഹു. മാത്യു മറ്റക്കോട്ടിലച്ചന്റെ പൗരോ ഹിത്യ

സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിക്കു കയും ആഘോഷങ്ങളിൽ പങ്കുചേരുകയും ചെയ്തു.

20. രാവിലെ തലയാട് ഇടവകയിൽ വി. കുർബ്ബാന അർപ്പിച്ചു.

ജോൺപോൾ II ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ ഓൺലൈനായി സംഘടിപ്പിച്ച ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുത്തു.

ഉച്ചകഴിഞ്ഞ് ഓൺലൈനായി നടന്ന മിഷൻലീഗംങ്ങളുടെ ക്രിസ്തുമസ് ആഘോഷങ്ങളിൽ സംബന്ധിച്ചു.

കെ.സി.വൈ.എം. സംഘടനയുടെ നേതൃത്വത്തിൽ നടന്ന ഓൺ ലൈൻ ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുത്തു.

വൈകുന്നേരം രൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ ഓൺ ലൈനായി നടത്തിയ 'ഇടയനോടൊപ്പം' പരിപാടിയിൽ പുതുപ്പാടി ഇടവകയോടൊപ്പം പങ്കുചേർന്നു.

21. രാവിലെ കരിയാത്തുംപാറ ഇടവകയിൽ പരേതനായ ജേക്കബ് പടലോടിയുടെ 41-ാം ചരമദിനത്തോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ചു.

രൂപതയിലെ സന്യാസിനിമാർക്കായി സംഘടിപ്പിച്ച ഓൺലൈൻ ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുത്തു.

രൂപതയിൽ സേവനം ചെയ്യുന്ന സന്യാസ വൈദികരുടെ ഓൺലൈൻ ക്രിസ്തുമസ് ആഘോഷങ്ങളിൽ സംബന്ധിച്ചു.

പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെ ഓൺലൈൻ ക്രിസ്തുമസ് മീറ്റിങ്ങിൽ പങ്കെടുത്തു.

വൈകുന്നേരം പുതുപ്പാടി ഫിലിപ്പ് നേരി സന്യാസിനി സമൂഹത്തിന്റെ ഭവനത്തിൽ, മൂന്നാം വർഷ സന്യാസാർത്ഥിനികളുടെ വ്രതനവീക രണത്തോടനുബന്ധിച്ച് വിശുദ്ധ കുർബ്ബാന അർപ്പിച്ചു.

താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരിയിൽ നടന്ന ക്രിസ്തു മസ് ആഘോഷങ്ങളിൽ പങ്കുചേർന്നു.

22. രാവിലെ താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരിയിൽ വി. കുർബ്ബാന അർപ്പിച്ചു.

തോട്ടുമുക്കം ഇടവകയിൽ, തോട്ടുമുക്കം ഫൊറോനയിലെ വൈദിക രുടെ മാസധ്യാനത്തിൽ സംബന്ധിച്ചു.

ഉച്ചകഴിഞ്ഞ് തിരുവമ്പാടി സ്നേഹാലയത്തിൽ 'കാരുണ്യ' ക്രിസ്തു മസ് ആഘോഷങ്ങളിൽ പങ്കെടുത്തു.

രൂപതയിലെ മതബോധന പ്രധാന അദ്ധ്യാപകരുടെ ഓൺലൈൻ ക്രിസ്തുമസ് ആഘോഷങ്ങളിൽ സംബന്ധിച്ചു.

വൈകുന്നേരം മേരിക്കുന്ന് പ്രീസ്റ്റ് ഹോമിൽ ബഹു. വൈദികരോടൊപ്പം ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കുചേർന്നു.

23. രാവിലെ താമരശ്ശേരി കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിലെ പ്രധാനാദ്ധ്യാപകരുടെ ഓൺലൈൻ ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുത്തു.

ഉച്ചകഴിഞ്ഞ് രൂപതയിലെ സ്വദേശത്തും വിദേശത്തുമായി സേവന മനുഷ്ഠിക്കുകയും പഠനത്തിലായിരിക്കുകയും ചെയ്യുന്ന വൈദിക രുമായി വീഡിയോ കോൺഫറൻസ് നടത്തി. അഭി. ജോസഫ് പാംപ്ലാനി പിതാവ് ക്ലാസ്സെടുത്തു.

വൈകുന്നേരം ഓൺലൈനായി സംഘടിപ്പിച്ച സീറോ മലബാർ മാതൃവേദി അംഗങ്ങളുടെ ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുത്തു.

25. താമരശ്ശേരി കത്തീഡ്രലിൽ രാത്രിയിലെ ക്രിസ്തുമസ് തിരുക്കർമ്മ ങ്ങൾക്ക് നേതൃത്വം നൽകി.

26. രാവിലെ കത്തീഡ്രലിൽ താമരശ്ശരി രൂപതയ്ക്കുവേണ്ടി പൗരോഹിത്യം സ്വീകരിക്കുന്ന മ്ശംശാനമാരായ ജോസഫ് കിളിയംപറമ്പിൽ, അബ്രാഹം സ്രാമ്പിക്കൽ, തോമസ് കുടിയിരിക്കൽ, മാത്യു പനച്ചിക്കൽ, ജോസഫ് അന്തീനാട്ട്, മാത്യു തെക്കേക്കരമറ്റത്തിൽ എന്നിവർക്ക് തിരുപ്പട്ടം നൽകി.

27. രാവിലെ ഈസ്റ്റ് ഹിൽ ഇടവകയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നല്കി.

കോഴിക്കോട് സെന്റ് ജോസഫ്സ് ലാറ്റിൻ ഇടവകയിൽ ഒരു വിവാഹവാഗ്ദാന ചടങ്ങിൽ പങ്കെടുത്തു.

28. മുക്കത്ത് ഒരു വ്യാപാരസ്ഥാപനത്തിന്റെ വെഞ്ചരിപ്പു കർമ്മം നടത്തി.

29. കണ്ണോത്ത് ഇടവകയിൽ ഡോൺ ബോസ്കോ സന്യാസസഭാംഗമായ മ്ശംശാന ജോൺ മുട്ടത്തുപറമ്പിലിന് പൗരോഹിത്യ പട്ടം നല്കി.


30. രാവിലെ വലികൊല്ലി ഇടവകയിൽ മിസ്സിസാഗ രൂപതയ്ക്കുവേണ്ടി പഠനം പൂർത്തിയാക്കിയ മ്ശംശാന മാത്യു വരിക്കാനിക്കലിന് പൗരോഹിത്യ പട്ടം നൽകി.

ഉച്ചകഴിഞ്ഞ് പുല്ലൂരാംപാറ ഇടവകയിൽ ഡോൺ ബോസ്കോ സന്യാസ സഭാംഗങ്ങളായ മ്ശംശാനമാരായ കുര്യാക്കോസ് കുളത്തിങ്കലിനും ജോസഫ് തണ്ടേലിനും പൗരോഹിത്യ പട്ടം നല്കി

31. താമരശ്ശേരി കത്തീഡ്രൽ ഇടവകയിൽ ഒരു ഭവനം വെഞ്ചരിച്ചു.

കൂമംകുളം ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

മഞ്ചേരി ഇടവകയിൽ സംഘടിപ്പിച്ച മലപ്പുറം ഫൊറോനയിലെ വൈദികരുടെ സമ്മേളനത്തിൽ സംബന്ധിച്ചു.



# വി. യൗസേപ്പിതാവിനോടുള്ള പ്രാർത്ഥന

ഞങ്ങളുടെ വിമോചകന്റെ പാലകനായ വി. യൗസേപ്പിതാവേ, പരി. കന്യാമറിയത്തിന്റെ മണവാളാ, ദൈവം തന്റെ ഏകജാതനെ ഭരമേല്പിച്ച അങ്ങിലാണല്ലോ, പരി. കന്യകാ മറിയം ശരണപ്പെട്ടത്. അങ്ങയോടൊപ്പമാണല്ലോ ഈശോ വളർന്നത്. വി. യൗസേപ്പിതാവേ, ഞങ്ങളുടെ സ്വർഗീയതാതനായിരുന്നുകൊണ്ട് ജീവന്റെ വഴിയിൽ ഞങ്ങളെയും നയിക്കണമേ. ഞങ്ങൾക്ക് കൃപയും കാരുണ്യവും ധൈര്യവും ലഭിക്കുന്നതിനും തിന്മയിൽ നിന്ന് ഞങ്ങളെ രക്ഷിക്കുന്നതിനും മാദ്ധ്യസ്ഥ്യം വഹിക്കുകയും ചെയ്യണമേ. ആമ്മേൻ.

('പാത്രിസ് കോർദേ'യുടെ സമാപനത്തിലെ പ്രാർത്ഥന)

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 30-12-2020 |



വി. സെബസ്ത്യാനോസേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ

Printed & Published by Fr. Abraham Kavilpurayidathil, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral, Thamarassery P.O., Kozhikode - 673 573. Editor: Fr. Abraham Kavilpurayidathil.